# SANTHOM VOICE

Ramanathapuram Diocesan Bulletin



Vol. 14 | 2023 AUGUST | No. 8



ഞങ്ങളുടെ പ്രിയപ്പെട്ട

**മാർ ജോസഫ് ഇരിമ്പൻ പിതാവിന്**

ആദരാഞ്ജലികൾ

(24 – 08 – 2023)

## *Festal Greetings*



**Fr. Martin (Augustine)**
**Pattarumadathil**
(August 28)



*Newly ordained*
*Deacons of the Eparchy*
*26.7.2023*
*Hearty Congratulations*
*& Prayerful good wishes!*

**Dn. Payyappilly Nithin**
**&**
**Dn. Edathurithikaran Richu**




**സാന്തോം**
**സോഷ്യൽ സർവ്വീസിന്റെ**
**പ്രവർത്തനങ്ങൾ**





**SANTHOM VOICE**
Ramanathapuram Diocesan Bullettin

Vol. 14, 2023 AUGUST, No. 8




Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr. Antony Koottunkal**
Mob: 94433 16613
secretaryramanathapuram@gmail.com

Published by
**Fr. Derin Pallikunath**
Catholic Bishop's House,
Selvarajapuram
Ph: 0422- 2966556
Website :
www.dioceseoframanathapuram.com

Printed at: S. Sridhar offset Printing
Coimbatore

Annual Subscription Rs. 300/-
Single Copy Rs. 30/-

## ഈ ലക്കത്തിൽ

| | |
|---|---|
| Pope Tweets | 02 |
| തടവറ പ്രേഷിത ഞായർ | 03 |
| വിജ്ഞാപനം | 09 |
| രൂപതാകാര്യാലയം | 23 |
| ഫിനാൻസ് ഓഫീസ് | 28 |
| First Eparchial Assembly 2023 | 32 |
| Bishop's Engagements | 34 |
| From the Bishop's Diary | 34 |
| Eparchial Statutes | 35 |
| Eparchial Tribunal | 39 |
| സഭാവാർത്തകൾ | 41 |
| സഭൈക്യവും സുവിശേഷപ്രഘോഷണവും | 43 |
| മൈനർ സെമിനാരി | 50 |
| വിശ്വാസപരിശീലനം | 51 |
| Mater Dei International School | 57 |
| മദർ തെരേസാ പീസ് ഹോം | 59 |
| ചിൽഡ്രൻസ് മിനിസ്ട്രി | 62 |
| നവീകരണമുന്നേറ്റം | 64 |
| കുടുംബക്കൂട്ടായ്മകൾക്കുള്ള പഠനവിഷയം | 66 |
| ഫാമിലി അപ്പോസ്തലേറ്റ് | 68 |
| മാതൃവേദി | 69 |
| സാന്തോം സോഷ്യൽ സർവ്വീസ് | 71 |
| എസ്.എം.വൈ.എം. | 71 |
| പള്ളികളിലെ കുർബാന സമയം | 74 |
| Snippets | 76 |

**Let us pray for the intentions of the Holy Father**

**For World Youth Day:** We pray the World Youth Day in Lisbon will help young people to live and witness to the Gospel in their own lives.

**വി. കുർബാനയിലും കുടുംബപ്രാർത്ഥനയിലും പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിക്കാൻ**

**ലീഡർ : ഞങ്ങളുടെ കർത്താവായ ദൈവമേ, ലോകമെമ്പാടും കൊറോണ വൈറസ് ബാധിച്ച് ചികിത്സയിലായിരിക്കുന്ന സഹോദരരെ സുഖപ്പെടുത്തണമെന്നും അവരെ രാപ്പകൽ ശുശ്രൂഷിക്കുന്ന ഡോക്ടർമാരേയും നേഴ്സുമാരേയും സംരക്ഷിക്കണമെന്നും ഈ പകർച്ചവ്യാധിക്ക് തക്കതായ മരുന്ന് കണ്ടുപിടിക്കാൻ ബന്ധപ്പെട്ടവരെ ശക്തിപ്പെടുത്തണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

**സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**



# Pope Francis Tweets

**Pope Francis @ Pontifex  July 1**

This is Christian prophecy: responding to evil with good, to hatred with love, to division with reconciliation. Faith transforms reality from within.

**Pope Francis @ Pontifex July 2**

A prophet is a living sign who points God out to others, a reflection of Christ's light on the path of the brothers and sisters, someone who helps others read the present under the action of the Holy Spirit, to understand God's plans and correspond to them.

**Pope Francis @ Pontifex  July 3**

Let us Pray Together that Catholics place at the centre of their lives the Eucharistic Celebration, which transforms human relationships and opens up an encounter with God and their brothers and sisters.

**Pope Francis @ PontifexJuly 9**

With sorrow, I learned that blood has been poured out again in the Holy Land. I hope that the Israeli and Palestinian leaders can resume direct dialogue to bring an end to the spiral of violence and open paths of reconciliation and peace.

**Pope Francis @ Pontifex July 16**

Let us imagine a seed: it is tiny, barely visible, but it makes plants grow that bear fruit. The Word of God is thus: think of the Gospel, a small book, simple and within reach of all that produces new life in those who receive it.


## *MATER DEI* INTERNATIONAL SCHOOL

**Trinity Nagar, L & T By-pass Road,**
**Pattanam, Coimbatore 641016**

LKG, UKG, Std. I - X ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403, 7598246643**

## *MATER DEI* INTERNATIONAL SCHOOL

(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for LKG, UKG & Std I - X

**For more details, contact : Mob :9489133403, 7598246643**

Ref: 3887/K-5/KCBC/OL/DS 15.07.2023

# തടവറ പ്രേഷിത ഞായർ

**(ആഗസ്റ്റ് 13, 2023)**

നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും (ലൂക്കാ 23, 43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിത ഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനു വേണ്ടി തൻെറ ജീവൻ ഹോമിച്ച് സ്നേഹത്തിൻെറ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിൻെറ ശുശ്രൂഷയും ദൗത്യനിർഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എൻെറ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതൻെറ മുഖം ദർശിച്ച് ഇവർക്കുവേണ്ടി

പ്രാർത്ഥിക്കാനും ത്യാഗപൂർം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ

കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർത്ഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണ്ണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിൻെറ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം,

ജീവിക്കാനുള്ള മനുഷ്യാവകാശത്തിൻെറ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവൻെറ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമാഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർത്ഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും

വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആളഹീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസ്സസ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്ന സാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം , ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ

പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആളഹീയവും മാനസികവുമായ കരുത്തു പകരുന്ന ഇട ത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടി കൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരി പൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്ര ദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കു വാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാ ശ്രമാങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്ന തിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസ്സസ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാ ണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിന മാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥ മായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാ ന്തരത്തിലേക്ക് നയിക്കുന്ന തിനും സമൂഹത്തിൽ പുനരധിവസിപ്പിക്കു ന്നതിനുംവേണ്ടി ജീസ്സസ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗ നിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി

നത്തെന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിൻെറ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ട തിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോ ലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

---

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമികൻ:** പ്രിയ സഹോദരീ സഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ, ബന്ധനസ്ഥരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാമാവിനാൽ നമ്മെ പ്രചോദിതരാക്കണമെന്ന് നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങയുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിൻെറ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവെച്ചു. അഴികൾക്ക് പിന്നിലുള്ള ഞങ്ങളുടെ സഹോദരീ സഹോദരന്മാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരിക അസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിൽ അധികാരികൾക്ക് നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏറ്റം ഒടുവിലായിരിക്കുന്നവർക്കും വേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ വോളണ്ടിയർമാരുടെമേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ തീരുമാനത്തിൽ എത്തിച്ചേരാൻ വേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്ന് മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരം നീട്ടി അഴികൾക്ക് പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.

# വിജ്ഞാപനം

പോൾ ആലപ്പാട്ട്

No. 149/2023 - C7
25-07-2023

## രൂപതാ അസംബ്ലി - ശുപാർശകളും തീരുമാനങ്ങളും

ഈശോമിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, കുട്ടികളെ.

### ഭാഗം - I

ത്രിത്വൈക ദൈവത്തിന് സ്തുതി!

വലിയ ഒരുക്കത്തിനുശേഷം നാം രൂപതയുടെ പ്രഥമയോഗം 2023 ജൂൺ 9,10,11 തീയതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ കൂടിയ കാര്യം നിങ്ങൾ ഇതിനകം അറിഞ്ഞുകാണുമല്ലോ. രൂപത മുഴുവനിലും ദീർഘമായ പഠനത്തിനും പ്രാർത്ഥനാപൂർവ്വമായ ചർച്ചകൾക്കും ശേഷം ലഭിച്ച നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് അസംബ്ലി പ്രതിനിധികൾക്കുള്ള "വിഷയവതരണ രേഖ" രൂപപ്പെടുത്തി. ഈ രേഖയിൽ അടിയുറച്ചുനിന്ന് പ്രതിനിധികൾ വളരെ സജീവമായി ചർച്ചകളിൽ പങ്കെടുത്തു. എല്ലാവരേയും ഞാൻ ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

അസംബ്ലി സുസംഘടിതവും മനോഹരവുമാക്കാൻ മാസങ്ങളായി അദ്ധ്വാനിച്ച കോർകമ്മിറ്റി, സബ്കമ്മിറ്റിയംഗങ്ങൾക്ക് ഒരിക്കൽകൂടി നന്ദി. പ്രസ്തുത അസംബ്ലി (രൂപതായോഗം)യുടെ സമാപനത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ പലവേദികളിൽ (അസംബ്ലിയുടെ സമാപനത്തിൽ ക്രോഡീകരിച്ച് അവതരിപ്പിച്ചതു കൂടാതെ, പിന്നീടുകൂടിയ കോർകമ്മിറ്റി, സബ്കമ്മിറ്റി സംയുക്തമീറ്റിങ്ങിൽ, രൂപതാ+കുടുംബക്കൂട്ടായ്മാ ഏകോപനസമിതി മീറ്റിങ്ങിൽ, സാമൂഹ്യ - സുവിശേഷവത്ക്കരണ ഏകോപനസമിതി മീറ്റിങ്ങിൽ, വിശ്വാസപരിശീലന- കുട്ടികളുടെ ശുശ്രൂഷാ ഏകോപനസമിതി മീറ്റിങ്ങിൽ, രൂപതയിലെ സമർപ്പിതരുടെ മീറ്റിങ്ങൽ, രൂപതാ മാധ്യമ കമ്മീഷന്റെ മീറ്റിങ്ങിൽ) നാം ചർച്ച ചെയ്തു. പ്രസ്തുത പഠനത്തിന്റെയും ചർച്ചകളുടെയും വെളിച്ചത്തിൽ

താഴെപറയുന്ന നിരീക്ഷണങ്ങളും തീരുമാനങ്ങളും ഞാൻ നിങ്ങളെ അറിയിക്കുന്നു. 2035 ലെ രൂപതാ സിൽവർ ജൂബിലിയിലേക്കുള്ള അകന്ന ഒരുക്കമായി ഈ തീരുമാനങ്ങൾ രൂപതാസമൂഹം ഒറ്റക്കെട്ടായി നടപ്പിലാക്കാൻ ഏവരുടെയും സഹായവും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. രൂപതയിലെ വൈദികരും, സമർപ്പിതരും അസംബ്ലി യിൽ പങ്കെടുത്ത അല്മായ പ്രതിനിധികളും ഒറ്റക്കെട്ടായി ഇതിന് നേതൃത്വം വഹിക്കണം.

A. അതിനുവേണ്ടി, 2024 മുതൽ 2034 വരെയുള്ള <u>വർഷങ്ങളിൽ ഓരോ വർഷവും</u> ഒരു പ്രത്യേക അജപാലന മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനപദ്ധതിക്ക് (11 വർഷാ അജപാലന പദ്ധതി) രൂപം കൊടുക്കണം.

B. **അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ**

a. <u>വി. കുർബാനയുടെയും മറ്റു കൂദാശാ പരികർമ്മങ്ങളുടെയും ഭാഷ</u>.

ഇന്ത്യയിൽ മൂന്ന് കത്തോലിക്കാ വിഭാഗങ്ങളുണ്ട്. സീറോമല ബാർ, സീറോ മലങ്കര, ലത്തീൻ. അതനുസരിച്ച് പള്ളികളും. ആ അർത്ഥത്തിൽ തമിഴ്നാട്ടിലെ കത്തോലിക്കാ സഭയെ നാം കാണേണ്ടത് തമിഴ് പള്ളികൾ, മലയാളി പള്ളികൾ എന്ന രീതിയി ലല്ല- മറിച്ച് സീറോമലബാർ, സീറോമലങ്കര, ലത്തീൻ പള്ളികൾ എന്നരീതിയിലാണ്.

b. സഭയുടെ ആരാധനക്രമത്തിന് പ്രത്യേക ഭാഷയില്ല. സഭാവിശ്വാ സികൾക്ക് ഏറ്റവും നന്നായി മനസ്സിലാക്കി ആരാധിക്കാൻ പറ്റുന്ന ഭാഷയുണ്ടാകണം. നമ്മുടെ സഭയിൽ/രൂപതയിൽ മലയാളം മാത്രം അറിയുന്നവരുണ്ടാകാം. മലയാളം അറിയുന്നവർ തന്നെ മലയാളം ശരിക്ക് മനസ്സിലാകാത്തവരുമുണ്ടാകാം. ഇംഗ്ലീഷ് മാത്രം അറിയുന്ന യുവജനങ്ങളും കുട്ടികളുമുണ്ടാകാം. മലയാ ളവും ഇംഗ്ലീഷും അറിയാതെ തമിഴ് മാത്രം അറിയുന്നവരും സംസാരിക്കുന്നവരുമുണ്ടാകാം. അതുകൊണ്ട് ഇന്നത്തെ തലമുറ യേയും ഭാവിതലമുറയേയും കണ്ടുകൊണ്ടുള്ള ആരാധനാക്രമ ഭാഷ നാം ഇപ്പോൾ തന്നെ രൂപപ്പെടുത്തി തുടങ്ങണം.

c. ഈ പശ്ചാത്തലത്തിൽ, വി. കുർബാനയ്ക്കും കൂദാശാ പരികർമ്മ

ങ്ങൾക്കും മലയാളഭാഷ മാത്രമേ പാടുള്ളു എന്ന അപക്വമായ നിലപാട് തമിഴ്നാട്ടിലെ സീറോമലബാർ സഭയുടെ/രാമനാഥ പുരം രൂപതയുടെ നിലനില്പ്പിനെത്തന്നെ ബാധിക്കും.

d. അതുകൊണ്ട് മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിലേക്ക് നമ്മുടെ ആരാധനക്രമം ക്രമീകരിക്കപ്പെടണം. ഓരോ ഇടവകയുടെയും മിഷൻ സെന്ററിന്റെയും സാഹചര്യവും ആവശ്യവുമനുസരിച്ച് മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലും വി. ബലിയർപ്പണ ങ്ങളും മറ്റു കൂദാശാപരികർമ്മങ്ങളുമുണ്ടാകണം. അതിനുവേണ്ട ഒരുക്കങ്ങളും ക്രമീകരണങ്ങളും വൈദികരുടെയും സമർപ്പിതരു ടെയും അല്മായ സഹോദരരുടെയും ഭാഗത്തുനിന്ന് നടത്തണം. അതിന് തുടക്കം കുറിയ്ക്കുന്നതിന്റെ ഭാഗമായി ആഴ്ചയിലൊരി ക്കലോ, രണ്ടാഴ്ചകളിലൊരിക്കലോ എങ്കിലും (മുൻഗണന ഞായറാഴ്ചകൾക്ക്) സീറോമലബാർ റീത്തിൽ തമിഴ്ഭാഷയിൽ നമ്മുടെ പള്ളികളിൽ വി. കുർബാനയർപ്പിക്കണം. ഏതെങ്കിലും വൈദികർക്ക് ആരംഭത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെ ങ്കിൽ അതിന് പറ്റിയ വൈദികരുടെ സഹായം തേടാവുന്നതാണ്. കോയമ്പത്തൂർ ജില്ലയിലെ പള്ളികളിൽ സെപ്തംബർ 1 മുതൽ ഇപ്രകാരം ചെയ്ത് തുടങ്ങട്ടെ. മറ്റുപള്ളികളിലും ചെയ്യണം. മല യാളത്തിലുള്ള കുർബാന നിലനിർത്തിക്കൊണ്ടുവേണം ഇപ്ര കാരം ചെയ്യാൻ.

- അതുപോലെ, കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷിൽ ഒരു കുർബാന യെങ്കിലും (ഞായറാഴ്ചകളിൽ) വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ടുവേണം.
- ഇപ്രകാരം ചെയ്യുമ്പോൾ, ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി, ഏതെല്ലാം സമയത്ത് ഏതെല്ലാം ഭാഷകളിലാണ് വി. കുർബാന യെന്ന് മുൻകൂട്ടി പറഞ്ഞിരിക്കണം.
- ഏത് ഭാഷയിലായാലും അനാവശ്യമായി നീണ്ടുപോകാതെ, വളരെ ഭക്തിസാന്ദ്രമായി, ദൈവാനുഭവവും അഭിഷേകവുമുള്ള ബലിയർപ്പണങ്ങൾ ഉണ്ടാകണം.
- രൂപതാതിർത്തിയിലുള്ള സീറോമലബാർ കത്തോലിക്കാ കത്തോ ലിക്കാ മാനേജ്മെന്റുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും ഇതര സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കും രോഗി കൾക്കും ഇതര അന്തേവാസികൾക്കുമായി സീറോമലബാർ റീത്തിൽ ബലിയർപ്പിക്കേണ്ടത് ഏത് ഭാഷയിലായാലും,

കുർബാന തക്സായിലെ പ്ര ാർത്ഥനകളും പാട്ടുകൾ മാത്രം പ്രയോജനപ്പെടുത്തി അപ്രകാരം ചെയ്യണം.

- സമൂഹത്തിന്റെ ആവശ്യവും സാഹചര്യവും പരിഗണിച്ച് ഉടൻ തന്നെ വിവിധഭാഷകളിൽ തിരിച്ചുതിരിച്ച് വി. കുർബാനയർപ്പിക്കാൻ ഏതെങ്കിലും പള്ളിയിലൊ സ്ഥാപനത്തിലൊ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ, അങ്ങനെയുള്ള പള്ളികളിലും സ്ഥാപനങ്ങളിലും ഇപ്പോൾ ചെയ്യുന്നതുപോലെ, ഞായറാഴ്ചകളിലും മറ്റു ആഘോഷവസരങ്ങളിലുമെങ്കിലും വായനകളും കാറോസൂസാ പ്രാർത്ഥനകളും ഗീതങ്ങളും ജനങ്ങളുടെ സജീവപങ്കാളിത്തത്തിനു വേണ്ടി വിവിധഭാഷകളിൽ ക്രമീകരിക്കണം. അതേസമയം ഒരേ ബലിയർപ്പത്തിലും കൂദാശാപരികർമ്മങ്ങളിലും വിവിധ രീതികളിൽ ഗീതങ്ങൾ ആലപിക്കാതിരിക്കുന്നത് നല്ലതാണ്.
- വി. കുർബാനയർപ്പത്തിനും മറ്റു കൂദാശാ പരികർമ്മങ്ങൾക്കും സീറോമലബാർ സഭയും രാമനാഥപുരം രൂപതയും അംഗീകരിച്ച് തന്നിട്ടുള്ള ഗീതങ്ങൾ മാത്രമേ ആലപിക്കാവൂവെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

C. **ഇതരസഭകളുമായുള്ള ബന്ധം**

a. ഇന്ത്യയിലെ കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിസഭകളായ സീറോമലബാർ, ലത്തീൻ+സീറോമലങ്കര സഭകളുമായി നല്ലബന്ധമുണ്ടാകാണം. സീറോമലബാർ സഭയുടെ കത്തോലിക്കാ കൂട്ടായ്മയിലുള്ള തനിമയും വ്യതിരിക്തതയും (identity+diversity) നിലനിർത്തിക്കൊണ്ട് തന്നെ പള്ളികളിലെ, സ്ഥാപനങ്ങളിലെ തിരുനാളുകളിലും മറ്റു വിശേഷാവസരത്തിലും ഇതര കത്തോലിക്കാ വ്യക്തി സഭകളിലെ മേലദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും സാന്നിദ്ധ്യവും പങ്കുചേരലും സാദ്ധ്യമായരീതിയിൽ ഉറപ്പാക്കണം.

b. അകത്തോലിക്കാ സഭകളും ഇതര ക്രൈസ്തവ സഭാവിഭാഗങ്ങളും അക്രൈസ്തവ വിഭാഗങ്ങളും തമ്മിലുള്ള ബന്ധം - കത്തോലിക്കാ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും വിരുദ്ധമാകാത്തരീതിയിൽ എക്യുമെനിക്കൽ, മതാന്തര സംവാദങ്ങളിലൂടെ, പരിപാടികളിലൂടെ, ഒന്നിക്കാവുന്ന, ഒരുമിച്ച് പ്രവർത്തിക്കാ

വുന്ന പൊതുവേദി (Common platform) സാധ്യമായ രീതിയിൽ രൂപപ്പെടുത്താൻ ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ നേതൃത്വമുള്ള വൈദികരും സമർപ്പിതരും അല്മായരും ഒറ്റക്കെട്ടായി പരിശ്രമിക്കണം.

D. **കുടുംബപ്രേഷിതത്വവും കുടുംബക്കൂട്ടായ്മകളും**

a. **കുടുംബപ്രേഷിതത്വം**

1. കുടുംബങ്ങളെ സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും പ്രസാദകരമായ വാക്കുകളുടെയും പരസ്പരം പങ്കുവച്ച് പരിചരിക്കുന്നതിന്റെയും ഇടങ്ങളാക്കണം.
2. അനുദിനമുള്ള കുടുംബപ്രാർത്ഥനകൾ നയിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, പ്രാപ്തരാക്കുക. കുടുംബാംഗങ്ങൾ ഒന്നിക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ഗൂഗിൾ മീറ്റിലൂടെ ഒന്നിച്ച് പ്രാർത്ഥിക്കുന്ന ശീലം വളർത്തുക.
3. മക്കളുടെ കുടുംബജീവിതത്തിൽ മാതാപിതാക്കൾ അനാവശ്യമായി ഇടപെടരുതെന്ന ബോദ്ധ്യം മാതാപിതാക്കൾക്ക് നല്കുക.
4. കുടുംബപ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം കണ്ടെത്താൻ കഴിവും സ്വീകാര്യതയുമുള്ള ദമ്പതികളേയും, വ്യക്തികളേയും, ഇടവക-ഫൊറോനാതലങ്ങളിൽ കണ്ടുപിടിച്ച് പരിശീലനം നല്കി, അവരുടെ സേവനം ദൈവജനത്തിന് ലഭ്യമാക്കണം.
5. ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ സഹകരണത്തോടെ നന്നായി പ്രവർത്തിക്കുന്ന ഒരു ഫാമിലി കൗൺസിലിങ്ങ് സെന്റർ രൂപതാതലത്തിലുണ്ടാകണം.
6. കുട്ടികൾ ജനിച്ച് അവരെ ആദ്യമായി സ്വീകരിക്കുന്ന അവസരത്തിൽ, അവരെ ദൈവനാമത്തിൽ സ്വീകരിക്കാനും അവരുടെ ചെവിയിൽ ഈശോയുടെ നാമം ഉരുവിടാനും നമ്മുടെ ദമ്പതിമാരേയും മാതാപിതാക്കളേയും പഠിപ്പിക്കണം.
7. കുഞ്ഞുങ്ങൾക്ക് ക്രിസ്തീയനാമം നല്കണം. കഴിയുന്നിടത്തോളം, കുഞ്ഞുങ്ങൾ ജനിക്കുന്ന ദിവസങ്ങളിലെ വിശുദ്ധന്റെയോ വിശുദ്ധയുടെയോ നാമം മാമ്മോദീസാ പേരായി നല്കുകയും ആ പേരിൽത്തന്നെ അവർ അറിയപ്പെടാൻ ഇടയാക്കുകയും ചെയ്യണം.
8. ഭവനങ്ങളിൽനിന്ന് ജോലിയ്ക്കോ പഠനത്തിനോ ചികിത്സയ്ക്കോ

പോകുന്നതിനുമുമ്പ് കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥനാ മുറിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചയയ്ക്കുന്ന ശീലം വളർത്തണം.

9. രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഹോളി ഫാമിലി സന്യാസസമൂഹത്തിന്റെയും ഇതര സന്യാസ സമൂഹാംഗങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന സ്ഥിരമായ ഒരു ഹോം മിഷൻ ടീം ഉണ്ടാകണം.

10. രൂപതയുടെ വിസ്തൃതമായ അതിർത്തി പരിഗണിച്ച് വിവാഹജൂബിലി സംഗമങ്ങൾ (വി. കുർബാന, ക്ലാസ്സ്, പങ്കുവയ്ക്കൽ, അനുമോദനയോഗം, എന്നിവയോടെ) ഫൊറോനാതലത്തിൽ നടത്തുകയും സമ്മാനങ്ങൾ രൂപതാദിനത്തോടനുബന്ധിച്ച് കൊടുക്കുകയും വേണം. ഫൊറോനാതല സംഗമങ്ങളിലേയ്ക്കും രൂപതയിലേയ്ക്കും എല്ലാ ജൂബിലിക്കാരെയും പറഞ്ഞുവിടാൻ അതതു തലങ്ങളിലുള്ള വൈദികരും സമർപ്പിതരും മാതൃസംഘവും കുടുംബക്കൂട്ടായ്മാ ഭാരവാഹികളും ഒറ്റക്കെട്ടായി ശ്രമിക്കണം.

11. രൂപതയ്ക്കുവേണ്ടി മലയാളം, ഇംഗ്ലീഷ്, തമിഴ് ഭാഷകളിലായി പ്രസിദ്ധീകരിക്കപ്പെടുന്ന പൊതുവായ "കുടുംബ പ്രാർത്ഥനാ സമാഹാരം" (Common family prayer) ഓരോ വീട്ടിലും ഓരോ വിശ്വാസപരിശീലകന്റെയും വിശ്വാസപരിശീലന വിദ്യാർത്ഥിയുടെയും പക്കൽ ഉണ്ടാകണം. 20 നമസ്ക്കാരങ്ങളും കുടുംബത്തിന്റെ വിവിധ പ്രാർത്ഥനകളും ഒരു കത്തോലിക്കാവിശ്വാസി അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങളും പ്രബോധനങ്ങളും ആ പുസ്തകത്തിലുണ്ട്.

b. **കുടുംബക്കൂട്ടായമകൾ**

1. ഇടവകയെ/ മിഷൻ സെന്ററിനെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യപടി കുടുംബക്കൂട്ടായ്മകളെ ശക്തിപ്പെടുത്തി കുടുംബങ്ങൾ തമ്മിൽ ക്രിയാത്മകമായ കൂട്ടായ്മ പരിപോഷിപ്പിക്കുകയെന്നതാണ്.

2. അതിനുവേണ്ടി, "രൂപതാ കുടുംബക്കൂട്ടായ്മ നിയമാവലി" നന്നായി പഠിച്ച്, അതിന്റെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന രീതിയിൽ, കുടുംബക്കൂട്ടായ്മയിലെ എല്ലാ കുടുംബങ്ങൾക്കും കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും വന്ന് കൂടാവുന്ന വീട്ടിൽ കൂട്ടായ്മാ മീറ്റിങ്ങ് വയ്ക്കുകയും അതിൽ ആദ്യന്തം

ബഹു. വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും കൂട്ടായ്മാ ഭാരവാഹികളുടെയും സജീവമായ സാന്നിദ്ധ്യവും ഇട പെടലും ഉറപ്പാക്കുകയും വേണം.

3. കുടുംബക്കൂട്ടായ്മാ മീറ്റിങ്ങുകളിൽ പ്രാർത്ഥനയ്ക്കും വി. ഗ്രന്ഥ വായനയ്ക്കും വിചിന്തിനത്തിനുമൊപ്പം സഭയേയും സമൂഹത്തേയും ബാധിക്കുന്ന ആനുകാലിക വിഷയങ്ങളും ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കണം.

4. കൂട്ടായ്മാ മീറ്റിങ്ങുകൾ ക്രിസ്തീയജീവിത മൂല്യങ്ങളും പാരമ്പര്യ ങ്ങളും ശൈലികളും ഫലപ്രദമായി പകർന്നുകൊടുക്കുന്ന, ഓർമ്മപ്പെടുത്തുന്ന ഇടങ്ങളാക്കണം. ഉദാഹരണത്തിന്, മുതിർന്ന വരേയും ആദരണീയരേയും കാണുമ്പോൾ "ഈശോമിശി ഹായ്ക്ക് സ്തുതി" എന്ന് ചൊല്ലുന്ന, യാത്രകൾക്ക് മുമ്പ് പ്രാർത്ഥിക്കുന്ന, ദൈവാലയങ്ങൾക്ക് മുമ്പിലൂടെ കടന്ന് പോകു മ്പോൾ അവയുടെ ഉള്ളിൽ കയറി പ്രാർത്ഥിക്കുന്ന, കുടുംബങ്ങ ളിൽ എല്ലാവരും ഒരുമിച്ചിരുന്ന് സംസാരിക്കുന്ന, ഭക്ഷണം കഴി യ്ക്കുന്ന നല്ലമൂല്യങ്ങൾ, ശീലങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ.

5. ഓരോ മാസത്തേയും കൂട്ടായ്മാ മീറ്റിങ്ങിൽ വായിച്ച് പഠി യ്ക്കാനും ചർച്ചചെയ്യാനും വേണ്ട പഠനവിഷയം രൂപതാ ബുള്ള റ്റിനായ "സാൻതോംവോയ്സിൽ" പ്രസിദ്ധീകരിച്ചുകൊണ്ടിരി ക്കുന്നത് നല്ലരീതിയിൽ തുടരണം.

6. കൂട്ടായ്മകളിലെ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും മീറ്റിങ്ങുക ളിൽ പങ്കെടുക്കുന്ന നിലയിലേയ്ക്ക് കുടുംബക്കൂട്ടായ്മകൾക്ക് വളരണം.

7. കുട്ടികളേയും യുവജനങ്ങളേയും കുടുംബക്കൂട്ടായ്മകളി ലേയ്ക്കും ഇടവക പള്ളിയിലേയ്ക്കും മിഷൻ സെന്ററിലേക്കും കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടി അവർക്ക് സൗകര്യമുള്ള ദിവസത്തിലും നേരത്തും (മൂന്ന് മാസത്തിലൊരിക്കൽ) "കുട്ടി സമ്മേളനവും" "യുവജനസമ്മേളനവും" വീടുകളിൽ നടത്തണം.

8. കുടുംബക്കൂട്ടായ്മകളിൽ അവശതയനുഭവിക്കുന്ന കുടുംബ ങ്ങളെ (ഭക്ഷണം, ചികിത്സ, പാർപ്പിടം മുതലായവ) സഹായിക്കാ നുള്ള സംവിധാനവും ഫണ്ടും കൂട്ടായ്മാതലത്തിൽ കണ്ടെത്ത ണം.

<u>ഭാഗം II</u>

E. **വിശ്വാസപരിശീലനം**

a. പരീക്ഷയിലെ മാർക്കിനും സ്കോളർഷിപ്പിനും അമിതപ്രാധാന്യം കൊടുത്ത്, വിശ്വാസനുഭവത്തിൽ നിന്നും ക്രിസ്തീയ ബോദ്ധ്യങ്ങളിൽ നിന്നും കുട്ടികൾ വ്യതിചലിക്കാൻ ഇടയാകരുത്.

b. വിശ്വാസപരിശീലനത്തിന്റെ വിവിധവർഷങ്ങളിൽ പരിശീലകർക്കും കുട്ടികൾക്കുമുണ്ടാകാവുന്ന മുരടിപ്പും നിസ്സംഗതയും ഒഴിവാക്കാൻ ആവശ്യമായ തയ്യാറെടുപ്പും മുൻകരുതലുകളും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ, രൂപതാ വിശ്വാസപരിശീലന നേതൃത്വത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി, ഓരോ ഇടവകയിലും മിഷൻ കേന്ദ്രത്തിലുമുണ്ടാകണം. അതുപോലെ, വിശ്വാസപരിശീലന വിഷയങ്ങളെപ്പറ്റി സമഗ്രമായ രൂപം ഓരോ വിശ്വാസപരിശീലകനുമുണ്ടാകാൻ "ആപ്പ്" സമ്പ്രദായം പോലെയുള്ള സംവിധാനമുണ്ടാകണം.

c. വിശ്വാസപരിശീലനം യഥാർത്ഥ ക്രിസ്തു അനുഭവത്തിലേയ്ക്കും ബോധത്തിലേയ്ക്കും കൊണ്ടുവരാൻ പറ്റുന്നരീതിയിൽ ജീസ്സസ് യൂത്ത് അംഗങ്ങളെ വിശ്വാസപരിശീലനവേദിയിലേക്ക് കൊണ്ടുവരാൻ പ്രാദേശികമായി ഓരോ ഇടവകയിലും മിഷൻ കേന്ദ്രത്തിലും ശ്രമിക്കണം.

d. വിശ്വാസപരിശീലന ശുശ്രൂഷ ഒരു ദൈവീക ശുശ്രൂഷയാണെന്ന, സഭാ സേവനമാണെന്ന ബോദ്ധ്യം പകർന്ന് കഴിവും, വിശ്വാസവും, കൂട്ടായ്മാ മനോഭാവവുമുള്ള വ്യക്തികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ പ്രാദേശികമായി വൈദികരും വിശ്വാസപരിശീലകരും സംയുക്തമായി ശ്രമിക്കണം.

e. ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ എന്തെല്ലാം പ്ലാൻ ചെയ്താലും, ദൈവം ദാനമായി നല്കിയ മക്കളിൽ ഈശോയുടെ രൂപവും ഭാവവും കൊത്താൻ മാതാപിതാക്കളുടെ നല്ലമനസ്സും സഹകരണവും അത്യാവശ്യമാണെന്ന് മാതാപിതാക്കൾ തിരിച്ചറിയണം. ചെറുപ്രായം മുതൽ ദൈവാഭിഷേകവും സഭാസ്നേഹവുമുള്ള മക്കളാക്കി അവരെ വളർത്തിയാൽ അവർ എല്ലാ തരത്തിലും മാതാപിതാക്കൾക്കും കുടുംബത്തിനും ഒരനുഗ്രഹമാകും.

F. **സഭാമക്കളുടെ സാമൂഹ്യ-രാഷ്ട്രീയ പ്രതിബദ്ധത**

a. സഭ രാഷ്ട്രീയ പാർട്ടിയല്ലെങ്കിലും, കത്തോലിക്കാസഭയുടെ

രാഷ്ട്രീയ ദർശനമായ ജനാധിപത്യം, മതേതരത്വം, ദൈവവിശ്വാസം, സാഹോദര്യം എന്നിവ ജനങ്ങൾക്ക് പകർന്നുകൊടുക്കാൻ സഭയ്ക്ക് കഴിയണം.

b. ജനപ്രതിനിധികൾ ഏതുപാർട്ടിക്കാരായാലും സഭയ്ക്ക് അവരുമായി നല്ലബന്ധം വേണം. സഭയുടെ തത്വാധിഷ്ഠിതമായ രാഷ്ട്രീയ നിലപാട് ആത്മീയ നേതാക്കന്മാർ നേരിട്ടല്ല, മറിച്ച് അല്മായ നേതാക്കളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കണം.

c. വിവിധ മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന വാർത്തകളുടെയും പ്രസ്താവനകളുടെയും നിജസ്ഥിതി ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കാൻ നമ്മുടെ ദൈവാലയങ്ങളിലെ പള്ളിയോഗങ്ങൾ, സംഘടനാ മീറ്റിങ്ങുകൾ, കുടുംബക്കൂട്ടായ്മ മീറ്റിങ്ങുകൾ എന്നിവ പ്രയോജനപ്പെടുത്തണം. അക്കാര്യം പഠിച്ച് കൈകാര്യം ചെയ്യാൻ പറ്റിയ ടീം ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും കുടുംബക്കൂട്ടായ്മകളിലുമുണ്ടാകണം. അതായത്, സഭാപരവും രാഷ്ട്രീയപരവും സാമൂഹ്യപരവുമായ വിഷയങ്ങളെപ്പറ്റി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്ന റിസോഴ്സ് ടീം ഇടവകയിലുണ്ടാകണം.

d. സഭ രാഷ്ട്രനിർമ്മിതിക്കുവേണ്ടി നല്കിയിട്ടുള്ള ശ്രേഷ്ഠമായ സംഭാവനകളെപ്പറ്റി പഠിച്ചാൽ മാത്രമേ അഭിമാനബോധത്തോടെ അവ നാനാജാതി മതസ്ഥരിലേയ്ക്ക് എത്തിക്കാൻ കഴിയൂ. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം, പ്രത്യേകിച്ചും രൂപതാ മാധ്യമ ശുശ്രൂഷയിലൂടെ.

e. മയക്കുമരുന്ന്, പ്രണയക്കെണി എന്നീ വിപത്തുകളിൽ നിന്ന് നാനാജാതി മതസ്ഥരെ രക്ഷപ്പെടുത്താനുള്ള അവബോധം പകരലും മറ്റുവഴികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കുടുംബക്കൂട്ടായ്മകളും വഴി കണ്ടെത്തണം.

f. നിയമപരവും രാഷ്ട്രീയപരവുമായ വിഷയങ്ങളിൽ രൂപതയേയും ഇടവകകളേയും സ്ഥാപനങ്ങളേയും സഹായിക്കുന്ന വ്യക്തികളെ കോർത്തിണക്കി രൂപതാ ലീഗൽ സെൽ/പബ്ലിക് റിലേഷൻ വകുപ്പ് രൂപീകരിക്കണം. മത-സാമൂഹിക-രാഷ്ട്രീയ ഉദ്യോഗതലത്തിലുള്ളവരുമായുള്ള ഊഷ്മളബന്ധം നിലനിർത്താൻ ഇത്തരം സംവിധാനം സഹായകമാകും.

g. സീറോമലബാർ സഭാംഗങ്ങൾ സിവിൽ സർവ്വീസിലും മറ്റു തന്ത്രപരമായ ഉദ്യോഗ-രാഷ്ട്രീയ മണ്ഡലങ്ങളിലും എത്തിച്ചേരാൻ

പറ്റിയ വിധത്തിലുള്ള പഠന സൗകര്യങ്ങളും പ്രോത്സാഹന ങ്ങളും ഏർപ്പെടുത്തണം.

G. **സുവിശേഷവല്ക്കരണം**

a. സുവിശേഷവല്ക്കരണത്തിന്റെ ലക്ഷ്യം മതം മാറ്റമല്ല. സുവിശേ ഷമൂല്യങ്ങളിലേയ്ക്കും സംസ്ക്കാരത്തിലേയ്ക്കും ജനങ്ങളെ ആകർഷിക്കുക, അങ്ങനെ സുവിശേഷ സംസ്ക്കാരവും മൂല്യങ്ങ ളുമനുസരിച്ചുള്ള ജീവിതരീതിയ്ക്ക് രൂപംകൊടുക്കുകയെന്നതാ ണ്.

b. സുവിശേഷവല്ക്കരണം കൂട്ടായ സഹകരണത്തിന്റെയും അദ്ധ്വാ നത്തിന്റെയും ഫലമാണ്. അതുകൊണ്ട് സ്നേഹത്തോടെയുള്ള വചനവായന, ആഴമായ പ്രാർത്ഥന, ധ്യാനം, ക്രിസ്തീയബോധ്യ ങ്ങൾ എന്നിവ ഫലപ്രദമായ സുവിശേഷവല്ക്കരണത്തിന് അത്യാവശ്യമാണ്.

c. നമ്മുടെ ഓരോ ഇടവകയോടും സ്ഥാപനത്തോടും ചേർന്ന് ഓരോ മിഷൻ സെന്റർ വളർത്തിക്കൊണ്ടുവരണം.

d. നേരിട്ടുള്ള സുവിശേഷവല്ക്കരണത്തിന് അനുകൂലസാഹചര്യ ങ്ങൾ ലഭിച്ചില്ലെങ്കിൽ പോലും, ഏതു സാഹചര്യത്തിലും ജീവിത വിശുദ്ധിയ്ക്കും മാതൃകയ്ക്കും ഊന്നൽ നല്കി സുവിശേഷ വേലയ്ക്കിറങ്ങണം. തമിഴ്നാട്ടിലെ സീറോമലബാർ വിശ്വാസിക ളാണ് സീറോമലബാർ സഭയുടെ പ്രേഷിതരും സുവിശേഷ പ്രഘോഷകരുമെന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം.

e. സാമൂഹ്യ പ്രവർത്തനം വഴി പരോക്ഷമായ സുവിശേഷവല്ക്കര ണത്തിനുള്ള (indirect evangelization) എല്ലാ മാർഗ്ഗങ്ങളും സ്വീക രിക്കണം. ഇപ്രകാരമുള്ള സുവിശേഷവല്ക്കരണബോധം നമ്മുടെ ജനങ്ങളിൽ അങ്കുരിപ്പിയ്ക്കണം.

f. കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ ഗ്രാമങ്ങളിൽ സ്പോർട്സ്, ട്യൂഷൻ എന്നിവ ആരംഭിച്ച് കുട്ടികളിലൂടെ കുടുംബങ്ങളിലേക്ക് എത്തിച്ചേരാൻ ശ്രമിക്കണം.

g. ജോലി സ്ഥലങ്ങളിലും കടകളിലും ഒട്ടും നിർബന്ധം കൂടാതെ സ്തുതിപ്പുകൾ നടത്തി പ്രാർത്ഥിച്ചും വിവിധ ഭാഷകളിലുള്ള ബൈബിൾ കോപ്പികൾ വിതരണം ചെയ്തും ഈശോയി ലേയ്ക്കും അവിടുത്തെ വചനത്തിലേയ്ക്കും ആകർഷിക്കാൻ ശ്രമിക്കണം.

h. സുവിശേഷവല്ക്കരണത്തിന് ഇറങ്ങിത്തിരിയ്ക്കുന്ന ഗ്രൂപ്പിൽ യാതൊരുവിധ ഭിന്നിപ്പും ഉണ്ടാകാൻ പാടില്ല.

i. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നിട്ടുള്ള വിദ്യാർത്ഥികളേയും തൊഴിലാളികളേയും ഒരുമിച്ചുകൂട്ടണം, അവരുടെ ആത്മീയ പുരോഗതിയ്ക്കുവേണ്ടി രൂപതാതലത്തിലും പ്രാദേശികതലത്തിലുമുള്ള മുന്നേറ്റമുണ്ടാകണം.

j. ഓരോ ഇടവകയിലും മിഷൻ സെന്ററിലും മിഷൻ/സുവിശേഷവല്ക്കരണ ഫണ്ട് രൂപീകരിക്കുകയും ഓരോ വർഷത്തേയും വിവിധ ആഘോഷങ്ങൾക്കുവേണ്ടി ചിലവാക്കുന്ന ഫണ്ടിന്റെ നിശ്ചിതവിഹിതം ആ ഫണ്ടിലേയ്ക്ക് കൊടുക്കുകയും വേണം.

k. പ്രേഷിത പ്രവർത്തനത്തോട്, സുവിശേഷവല്ക്കരണയജ്ഞത്തോട് ആഭിമുഖ്യമുള്ള വൈദികരേയും സമർപ്പിതരേയും അതിനായി ഒരുക്കി ടീമാക്കണം. അക്കൂട്ടത്തിൽ പറ്റിയ അല്മായ പ്രേഷിതരുമുണ്ടാകണം.

H. **സാമൂഹ്യപ്രവർത്തനം**

a. രാമനാഥപുരം രൂപത ഒരു മിഷൻ രൂപതയാണെന്ന ചിന്ത സാമൂഹ്യ പ്രവർത്തകർക്കുണ്ടാകണം. നന്നായി പ്രാർത്ഥിച്ചൊരുങ്ങിവേണം സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങിതിരിയ്ക്കാൻ. സാമൂഹ്യപ്രവർത്തനങ്ങൾ ബൈബിൾ മൂല്യങ്ങളിലും സഭാപ്രബോധനങ്ങളിലുമധിഷ്ഠിതമാകണം. ജീവിതത്തിലും ശൈലിയിലുമുള്ള ലാളിത്യം അത്തരക്കാർക്ക് അത്യന്താപേക്ഷിതമാണ്.

b. നാനാജാതി മതസ്ഥരുമായുള്ള ബന്ധം കൂടുതൽ ദൃഢവും ഊഷ്മളവുമാക്കാൻ വിവിധ ജാതികൾ, അവരുടെ വിശ്വാസ സംസ്കാരം അവരുമായി ബന്ധം സ്ഥാപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അത്തരക്കാർക്ക് ക്രിസ്ത്യാനികളോട് പൊതുവായും കത്തോലിക്കാ ക്രിസ്ത്യാനികളോട് പ്രത്യേകമായുമുള്ള മനോഭാവം എന്നിവയെപ്പറ്റിയുള്ള ഒരു പഠനരേഖ തയ്യാറാക്കണം. ശുശ്രൂഷകൾക്ക് സ്ഥിരതയും കൃത്യതയുമുണ്ടാകണം.

c. സാമൂഹ്യസേവനത്തിനായി ഏതുഭാഗത്ത് പോകുന്നുവോ ആ ഭാഗത്ത് ഏതു വിഭാഗക്കാരാണ് കൂടുതലുള്ളത് എന്ന് മനസ്സിലാക്കി അതിന്റെ വിവരം ലഭ്യമാക്കിയാൽ ആ പ്രദേശത്ത് ശുശ്രൂഷയ്ക്ക് പോകുന്നവർക്ക് എളുപ്പമാകും. അവരുടെയിടയിൽ

പ്രസാദപൂർണ്ണമായ സാന്നിദ്ധ്യവും വാക്കുകളും വഴി അവരുമായി നല്ലബന്ധമുണ്ടാകണം.

d. ജാതിമതഭേദമന്യേ രോഗികൾ, അപകടത്തിൽപ്പെട്ടവർ, മരിച്ചവരുടെ ബന്ധുക്കൾ എന്നിവരെ സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ ചെയ്യാൻ പറ്റിയവരെ തിരഞ്ഞെടുത്ത് പരിശീലനം നല്കി അയയ്ക്കണം.

e. ഭിന്നശേഷിക്കാരായ ആളുകൾക്ക് തൊഴിൽ നല്കി അവരെ ശക്തീകരിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യണം.

f. സാമൂഹ്യപ്രവർത്തന പ്രസ്ഥാനം ഓരോ ഇടവകയിലും മിഷൻകേന്ദ്രത്തിലുമുണ്ടാകണം. കുടുംബങ്ങളിലേയും സ്ഥാപനങ്ങളിലേയും പള്ളിയിലേയും ആഘോഷങ്ങളുടെ ചിലവുചുരുക്കി അതിന്റെ ഒരുവിഹിതം ജീവകാരുണ്യപ്രവർത്തനത്തിനായി മാറ്റിവയ്ക്കുന്നത് ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്തമായികാണണം.

g. സുവിശേഷവല്ക്കരണത്തിന്റെ മുന്നോടിയായി ഒരു സാമൂഹ്യപ്രവർത്തനകേന്ദ്രം തുടങ്ങി അവിടെയുള്ള സാന്നിദ്ധ്യത്തിലൂടെ, ശുശ്രൂഷകളിലൂടെ ജനങ്ങളിലേയ്ക്കിറങ്ങണം. പൊതുവായ ക്രിസ്തുമസ്സ് ആഘോഷം, ട്യൂഷൻ സെന്റർ, പാലിയേറ്റീവ് കെയർ സെന്റർ, സേവ് എ ഫാമിലി പ്രോഗ്രാം, എസ്.എച്ച്.ജി. പ്രോഗ്രാം, മെഡിക്കൽ ക്യാമ്പ് എന്നിവ പ്രോത്സാഹിപ്പിക്കണം.

I. **മാധ്യമ ശുശ്രൂഷ**

a. മൂല്യബോധത്തിലും പ്രചരണത്തിലും സഭയ്ക്ക് ഉറച്ച നിലപാട് ഉണ്ടാകണം.

b. സഭാ സംബന്ധമായ കാര്യങ്ങൾ പെട്ടെന്ന് വിശ്വാസികളിലേയ്ക്കും പൊതുജനത്തിലേയ്ക്കുമെത്തിക്കാൻ പറ്റിയ മാധ്യമ സെൽ രൂപതയിലുണ്ടാകണം.

c. ഒരു നല്ല സ്റ്റുഡിയോയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു ടീമും രൂപതയുടെ ദൃശ്യമാധ്യമ രംഗത്ത് ഉണ്ടാകണം.

d. ഇടവക/മിഷൻ സെന്റർ തലത്തിൽ യൂട്യൂബ് ചാനൽ പ്രൊമോട്ട് ചെയ്യുന്നതിനേക്കാൾ രൂപതാതലത്തിൽ പരമാവധി ആളുകളിലേയ്ക്ക് എത്താവുന്നരീതിയിൽ ചാനൽ രൂപപ്പെടുത്തിയാൽ കാര്യങ്ങളുടെ നിജസ്ഥിതി കൂടുതൽ വ്യക്തികളിലേയ്ക്ക് എത്തി

ക്കാൻ കഴിയും.

e. ലഘുലേഖകളും സംശയനിവാരണ പംക്തികളും അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ തുടങ്ങണം. രൂപതാ-ഇടവക ബുള്ളറ്റിനുകൾ കൂടുതൽ വ്യക്തികളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും എത്താനുള്ള മാർഗ്ഗം സ്വീകരിക്കണം.

f. ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ നടത്തുന്ന നല്ലപരിപാടികൾ രൂപതാ മാധ്യമ സംവിധാനത്തിലൂടെ പ്രചരിപ്പിക്കണം.

g. കൂടാതെ, വ്യക്തിപരമായും കുടുംബപരമായും സന്യാസ സമൂഹപരമായും ക്രിസ്തീയമൂല്യങ്ങളും സത്പ്രവൃത്തികളും പരമാവധി വ്യക്തികളിലേയ്ക്ക് എത്തിച്ച് സുവിശേഷവല്ക്കരണയജ്ഞം കൂടുതൽ ശക്തമാക്കാൻ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തണം.

J. **ഫൊറോനയുടെ ശക്തീകരണം**

a. രൂപതയെ എല്ലാതരത്തിലും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപതയുടെ അജപാലന ശുശ്രൂഷകൾ കഴിയുന്നിടത്തോളം വികേന്ദ്രീകരിക്കണം.

b. ഫൊറോനയിലെ വൈദിക-സമർപ്പിത കൂട്ടായ്മ ശക്തിപ്പെടുത്താൻ ഒന്നിച്ചുള്ള പ്രാർത്ഥനയും പഠനവും പങ്കുവയ്ക്കലും പ്രോത്സാഹിപ്പിക്കണം. ഫൊറോനാ വികാരിയച്ചനാണ് ഇക്കാര്യം താല്പ്പര്യപൂർവ്വം ഏകോപിപ്പിക്കേണ്ടത്.

c. ഫൊറോനാതിർത്തിയിലുള്ള സംഘടനാ സംവിധാനങ്ങളെ ബന്ധപ്പെട്ട നിയമാവലിയും രൂപതാകാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശങ്ങളും പ്രകാരം ശക്തിപ്പെടുത്താൻ ബഹു. ഫൊറോനാ വികാരിയച്ചനും ഫൊറോനയിലെ ബഹു. വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളും നേതൃത്വം നല്കണം.

d. ഫൊറോനാതലത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ശക്തിപ്പെടുത്താനും ഫൊറോനാതിർത്തിയിലുള്ള വൈദികരും സമർപ്പിതരും അല്മായരും തങ്ങളാൽ സാധിക്കുന്നരീതിയിൽ, അതായത് സാമ്പത്തികമായും നടത്താനുള്ള സ്ഥലവും സൗകര്യങ്ങളും സൗജന്യമായി നല്കിയും സാധിക്കുന്നരീതിയിൽ റിസോഴ്സ് പേഴ്സൺസിനെ നല്കിയും സഹായിക്കണം.

e. ഓരോ ഫൊറോനയ്ക്കും അർഹതപ്പെട്ട സാമ്പത്തിക വിഹിതം

രൂപതാകാര്യാലയത്തിൽനിന്ന് നല്കണം. ഇപ്രകാരം ലഭിക്കുന്ന ഫൊറോനാവിഹിതവും പലസംഘടനകളുടെ പേരിലുള്ള ഫണ്ടുകളും ഒരു കാരണവശാലും ബന്ധപ്പെട്ട സമിതിയംഗങ്ങളുടെ യാത്രകൾക്കോ (ഔട്ടിങ്ങ്, പിക്നിക്ക് എന്നിവ) മറ്റു വിനോദപരിപാടികൾക്കോ ഉപയോഗിക്കാൻ പാടില്ല. ഫൊറോനാതലത്തിലുള്ള അജപാലന- സംഘടനാ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

**ഉപസംഹാരം**

വളരെ വലിയ ഒരുക്കത്തിനുശേഷമാണ് നാം വളരെ സംഘടിതമായി രൂപതയുടെ പ്രഥമ അസംബ്ലി നടത്തിയത്. ഈ അസംബ്ലിയുടെ വിജയം അസംബ്ലിയിലെ ചർച്ചകളിലൂടെ ഉരുതിരിഞ്ഞ നിർദ്ദേശങ്ങളും പിന്നീടുവന്ന തീരുമാനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അതനുസരിച്ച്, ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം എത്രയുംവേഗത്തിൽ അസംബ്ലി തീരുമാനങ്ങൾ നടപ്പിലാക്കാൻ രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും അല്മായ സഹോദരരും ബന്ധപ്പെട്ട വകുപ്പുകളിലൂടെ പരിശ്രമിക്കണം. മൂന്നുമാസത്തിലൊരിക്കൽ ഓരോ വിഭാഗവും തിരിച്ച് തിരിച്ച് തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് രൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ അവലോകനം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും തീക്ഷ്ണതയോടെ സഹകരിക്കുമല്ലോ.

ഈ സദുദ്യമത്തിൽ നമ്മെ ശക്തിപ്പെടുത്താൻ പരി. അമ്മയും വി. യൗസേപ്പ് പിതാവും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായും വി. അൽഫോൻസാമ്മയും നമ്മോടൊപ്പം ഉണ്ടാകട്ടെ.

സ്നേഹപൂർവ്വം



**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാമെത്രാൻ

---

NB: <u>ഈ വിജ്ഞാപനം രണ്ടുഭാഗങ്ങളിലായി (ഭാഗം I, ഭാഗം II) യഥാക്രമം ആഗസ്റ്റ് 6-ാം തീയതിയും 13-ാം തീയതിയും (ഞായറാഴ്ചകളിൽ)</u> രൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കണം. ഞായറാഴ്ച കുർബാന ഇല്ലെങ്കിൽ മറ്റു സമയത്തും. +PA

# രൂപതാകാര്യാലയം

**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ആഗസ്റ്റ് 2023**

01 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായുള്ള പതിനഞ്ച് നോമ്പാരംഭം
 : വി. അൽഫോൻസ് ലിഗോരി
03 : വൈദികരുടെ മാസധ്യാനവും സമ്മേളനവും മൈനർ സെമിനാരിയിൽ
04 : വി. ജോൺ മരിയ വിയാനി, വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ
 : ആദ്യവെള്ളി
06 : കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ (വി. കുർബാനയിൽ പങ്കെടുക്കാൻ കടമുള്ള ദിവസം)
08 : വി. ഡൊമിനിക് (ജപമാല ഭക്തിയുടെ പ്രചാരകൻ)
11 : വി. ക്ലാര
14 : വി. മാക്സിമില്യൻ കോൾബെ
15 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം (വി. കുർബാനയിൽ പങ്കെടുക്കാൻ കടമുള്ള ദിവസം)
 : ഇന്ത്യൻ സ്വാതന്ത്ര്യദിനം (ഇന്ത്യക്കുവേണ്ടി പ്രാർത്ഥിക്കണം)
21 : വി. പത്താം പീയൂസ് (വി. കുർബാനയുടെ പാപ്പ)
23 : അവിഭക്ത പാലക്കാട് രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ചരമദിനം. ജനത്തെ മുൻകൂട്ടി അറിയിച്ച് ദിവ്യബലിയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുക.
24 : വി. ബർത്തലോമിയോ ശ്ലീഹ
27 : അമ്മമാരുടെ മാതൃകയും മദ്ധ്യസ്ഥയുമായ വി. മോനിക്ക
28 : സഭാ പിതാവായ വി. അഗസ്തിനോസ്
29 : വി. എവുപ്രാസ്യ

**B. വി. ജോൺ മരിയ വിയാനി ദിനം – വൈദികരുടെ മാസധ്യാനവും സമ്മേളനവും – മൈനർ സെമിനാരിയിൽ (ആഗസ്റ്റ് 3 ന്)**

നേരത്തെ അറിയിച്ചിരുന്നതുപോലെ, വൈദികരുടെ അടുത്ത പൊതു മാസ ധ്യാനവും സമ്മേളനവും ആഗസ്റ്റ് 3 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ വടക്കുകാട് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചായിരിക്കും. എല്ലാവരും 10 മണിക്ക് എത്താവുന്ന

രീതിയിൽ യാത്ര പരസ്പരം സഹകരിച്ച് ക്രമീകരിക്കണം.

**C. രൂപതാ അസംബ്ലി തീരുമാനങ്ങൾ – നിർദ്ദേശങ്ങൾ**

രൂപതയുടെ പ്രഥമ അസംബ്ലി നിർദ്ദേശങ്ങളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു. രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും അല്മായരും അവ എത്രയും വേഗം നടപ്പിലാക്കാൻ ആത്മാർത്ഥമായി സഹകരിക്കണം, സഹായിക്കണം. ബന്ധപ്പെട്ട വകുപ്പുകൾ അവയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കാൻ നേതൃത്വം വഹിക്കണം.

**D. വൈദികരുടെ വാർഷികധ്യാനം (സെപ്തംബർ 11 മുതൽ 16 വരെ)**

ഈ വർഷത്തെ വൈദികരുടെ വാർഷിക ധ്യാനം നേരത്തെ അറിയിച്ചിരുന്നതുപോലെ, രൂപതാ പാസ്റ്ററൽ സെന്ററിൽ സെപ്തംബർ 11 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്കുള്ള വൈദിക സമ്മേളനത്തോടെ ആരംഭിക്കും. 16-ാം തീയതി ശനിയാഴ്ച രാവിലെ വി. കുർബാനയ്ക്കു ശേഷം 9 മണിക്കുള്ള വൈദികരുടേയും കൈക്കാരന്മാരുടെയും അക്കൗണ്ടന്റുമാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും സംയുക്തമീറ്റിങ്ങിനും ശേഷം സമാപിക്കും. എല്ലാ വൈദികരും സമാപനദിനമായ ശനിയാഴ്ചത്തെ സമൂഹബലിയിൽ പങ്കുചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാന ദിവസങ്ങളിൽ വി. കുർബാനയ്ക്കുള്ള ക്രമീകരണങ്ങൾ ഇടവക/മിഷൻ സെന്ററുകളിലും സ്ഥാപനങ്ങളിലും  മുൻകൂട്ടി ചെയ്യാൻ സാധിച്ചാൽ നന്നായിരിക്കും.

**E. പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത ജനറൽബോഡി മീറ്റിംഗ് – സെപ്തംബർ 9 ന്**

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത ജനറൽബോഡി മീറ്റിംഗ് 09-09-2023 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതയുടെ സാന്തോം പാസ്റ്ററൽ സെന്ററിൽ വെച്ചായിരിക്കും. അജണ്ടാ കമ്മിറ്റി അയച്ചുതരുന്ന "ചർച്ചാ സഹായി" വേണ്ടവിധം പഠിച്ച് ഫൊറോന കൗൺസിൽ, ഇടവക/മിഷൻ കേന്ദ്രങ്ങൾ, സന്യാസിനീസന്യാസഭവനങ്ങൾ, വൈദീക സന്യാസ പരിശീലനകേന്ദ്രങ്ങൾ, കുടുംബക്കൂട്ടായ്മകൾ, സംഘടനകൾ, ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ചർച്ച ചെയ്ത് ക്രിയാത്മകവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ആഗസ്റ്റ് 31ന് മുൻപ് സമർപ്പിക്കണമെന്ന് അഭ്യാർത്ഥിക്കുന്നു. പ്രതിനിധികളേയും വിദ്യാഭ്യാസ സ്ഥാപന തലവന്മാരേയും പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു.

പ്രസ്തുത പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിനോടനുബന്ധിച്ച് ഈ വർഷത്തെ രൂപതാദിനം ആചരിക്കുകയും ജൂബിലിയേറിയൻസിനെയും വിവിധതലങ്ങളിൽ മികവു തെളിയിച്ച വ്യക്തികളെയും ആദരിക്കുകയും ചെയ്യുന്നു. ജൂബിലേറിയൻസിനേയും വിവിധ അംഗീകാരങ്ങൾക്ക് (അവാർഡ്) അർഹരായവരേയും പാസ്റ്ററൽ കൗൺസിലിലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു.

**F. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും മീറ്റിംഗ്**

നമ്മുടെ ഇടവക/മിഷൻ കേന്ദ്രങ്ങളിലേയും സ്ഥാപനങ്ങളിലേയും സംഘടനകളിലേയും സാമ്പത്തിക വർഷത്തിലെ കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗ് സെപ്തംബർ 16-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിക്കുന്നു. പ്രസ്തുത മീറ്റിംഗിൽ രൂപതയിലെ വൈദികരും കൈക്കാരന്മാരും കണക്കെഴുത്തുകാരും ഇന്റേണൽ ഓഡിറ്റേഴ്സും പങ്കെടുക്കേണ്ടതാണ്. രൂപതയുടെ ഓഡിറ്റർ ശ്രീ. ജോൺ മാത്യു സി.എം. ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നതായിരിക്കും. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിക്കുന്നതാണ്.

**G. Permissions/Approvals granted:**

1. Approval granted to the annual therattu of St. Sebastian's church, Udumalpettu for the year 2022-'23 (Order No. 118/2023 dated 23-6-2023)
2. Approval granted to the annual therattu of Arogyamatha chapel, Pollachi for the year 2022-'23 (Order No. 119/2023 dated 26-6-2023)
3. Approval granted to the annual therattu of St. Paul's Forane church, Pollachi for the year 2022-'23 (Order No. 120/2023 dated 26-6-2023)
4. Approval granted to the annual therattu of St. Elizabeth church, Suleswarampatti for the year 2022-'23 (Order No. 121/2023 dated 26-6-2023)
5. Approval granted to the annual therattu of St. Clotilda's Play school, Podannur for the year 2022-'23 (Order No. 122/2023 dated 26-6-2023)
6. Approval granted to the annual therattu of St. Clotilda's church, Podannur for the year 2022-'23 (Order No. 123/2023 dated 26-6-2023)
7. Approval granted to the annual therattu of St. Mark's church, Kuniamuthur for the year 2022-'23 (Order No. 124/2023 dated 26-6-2023)
8. Approval granted to the construction account of St. Mark's church, Kuniamuthur for the year 2022-'23 (Order No. 125/2023 dated 26-6-2023)

9. Approval granted to the annual therattu of Infant Jesus' church, Edayapalayam for the year 2022-'23 (Order No. 127/2023 dated 27-6-2023)
10. Permission granted to St. Joseph's Province, Kottayam, of Vincentian Congregation (VC) to undertake the responsibility of the charity project "Trinity Hospice for the Dying Destitutes" at Thanchavoor (Order No. 128/2023 dated 28-6-2023)
11. Permission granted to Carmelgiri province, Idukki, of the Congregation of the Mother of Carmel (CMC) to establish a convent of its province at Kodaikanal in this eparchy (Order No. 129/2023 dated 29-6-2023)
12. Approval granted to the newly constituted Prathinidhiyogam of Edayapalayam for a period of three years (02-7-2023 to 01-7-2026) (Order No. 130/2023 dated 29-6-2023)
13. Approval granted to the annual therattu of Good Shepherd church, Karamadai for the year 2022-'23 (Order No. 131/2023 dated 01-7-2023)
14. Approval granted to the annual therattu of St. John Paul church, Periyanaickampalayam for the year 2022-'23 (Order No. 132/2023 dated 04-7-2023)
15. Approval granted to the annual therattu of Lourde Forane church, Gandhipuram for the year 2022-'23 (Order No. 133/2023 dated 04-7-2023)
16. Approval granted to the annual therattu of the construction fund of Lourde Forane church, Gandhipuram for the year 2022-'23 (Order No. 134/2023 dated 04-7-2023)
17. Approval granted to the annual therattu of the Holy Family Mission centre, Ganapathy for the year 2022-'23 (Order No. 135/2023 dated 05-7-2023)
18. Approval granted to the annual therattu of the Construction func of the Holy Family Mission centre, Ganapathy for the year 2022-'23 (Order No. 136/2023 dated 05-7-2023)
19. Permission granted to the Preshitha Province, Coimbatore, of the Congregation of the Mary Immaculate (CMI) to start an Arts-Science-Commerce college at Saravanampatti in this eparchy (Order No. 137/2023 dated 06-7-2023)
20. Approval granted to the annual therattu of Our Lady of Mount Carmel, Tirupur for the year 2022-'23 (Order No. 138/2023 dated 11-7-2023)
21. Approval granted to the newly constituted Prathinidhiyogam of Tirupur for a period of three years (15-7-2023 to 14-7-2026) (Order No. 139/2023 dated

12-7-2023)

22. Approval granted to the annual therattu of St. Mary's church, Salem for the year 2022-'23 (Order No. 141/2023 dated 13-7-2023)
23. Approval granted to the annual therattu of Lourdematha Forane church, Erode for the year 2022-'23 (Order No. 142/2023 dated 13-7-2023)
24. Decree of the annulment of the marriage granted to Angeline Vincent Kirdangan from the Parish Poomarket and Antony Jacob Kulangara of the parish Kuniamuthur, both from the eparchy of Ramanathapuram (Order No. 143/2023 dated 14-7-2023)

**J. Appointments**

**Kaikars:**

1. **Udumalpettu:** Sojan Joseph Marayil and Simon Joseph Edakalathur (Order No. 118/2023 dated 23-6-2023)
2. **Pollachi:** Kochuparmabill Devasia Varghese, Mundankurien Kochupaul Sony (Order No. 120/2023 dated 26-6-2023)
3. **Suleswarampatty:** Francis Chinnasamy Puthuveettil, Kunjappan Cyriac Palatty (Order No. 121/2023 dated 26-6-2023)
4. **Podannur:** Mandumpala Ouseph Kochumon, Thazhekadan Lonappan Sebastian and Kanayamplackal Chacko Rijosh (Order No. 123/2023 dated 26-6-2023)
5. **Kuniamuthur:** Tomy Antony Olackengil Thomas Kuruvila Malamackan (Order No. 124/2023 dated 26-6-2023)
6. **Edayapalayam:** Joe Tomy Moothedan, Thomas P. Mallappilly (Order No. 127/2023 dated 27-6-2023)
7. **Karamadai:** Jacob Palathingal, Emmanuel Tharakan (Order No. 131/2023 dated 01-7-2023)
8. **Periyanaickampalayam:** Mathew Joseph Kulakkadanthadathil, Feasty George Mampally (Order No. 132/2023 dated 04-7-2023)
9. **Gandhipuram:** Hinson Kuriachan Peramangalam, Paulson Francis Cheruvathoor, Francis Varghese Pananghat (Order No. 133/2023 dated 04-7-2023)
10. **Tirupur:** Binoy Devasya Varikassery, Lawrence Paulose Maprakaran (Order No. 138/2023 dated 11-7-2023)
11. **Salem:** Binumon Chacko Kallooran, Geo Davis Vembil Valokaran (Order No. 141/2023 dated 13-7-2023)
12. **Erode:** Michael Chacko Alappadan, Francis Joseph Kallikadan, Vilfred

Joshua Vadakethil (Order No. 142/2023 dated 13-7-2023)

**Confession Faculty:** issued to Fr. Shojo Manjadickal, SDV (Order No. 126/2023 dated 26-6-2023)

**Mgr. Joseph Alappadan,**
Pro-Syncellus




# EPARCHIAL FINANCE OFFICE

**A. Seminary Burse:**

1. Mr. Raphel C L & Mrs Celine Raphel, Puranattukara, Thrissur 20000/-
2. Mr. Francis E P, Chevoor, Thrissur 35000/-
3. Mr. Alan Joemon, Chiyyaram, Thrissur 10000/-
4. Mr Joy V T, Athani, Thrissur 15000/-
5. Vimal Rani Adoration Provincialate, Mundur, Palakad 25000/-

**B. Extended Territory of the Diocese**

1. Mr. K T Antony, Singanallur, Coimbatore 10000/-
2. Mr. Joseph Francis, Sowripalayalam, Coimbatore 100000/-
3. Mr. K P José & Family, Ramanathapuram, Coimbatore 50000/-
4. Resource Team Diocese of Ramanathapuram 10500/-
5. Pithruvedi, Holy Trinity Cathedral, Ramanathapuram, Coimbatore 5000/-
6. CSM, Pazhayakottai, Erode 3000/-
7. Mr. A R Jose, Ganapathy, Coimbatore 2000/-
8. Syro Malabar Mathruvedi, Diocese of Ramanathapuram, Coimbatore 2000/-
9. Maria Provincial House, Koorkenchery, Thrissur 10000/-
10. ASMI Sisters, Avinashi 5000/-
11. Samaritan Sisters St Joseph Home, Podannur, Coimbatore 2000/-
12. Mathruvedi Holy Trinity Cathedral, Ramanathapuram 2000/-
13. Mr. N P Jose, Ramanathapuram, Coimbatore 2200/-
14. Bethlehm CHF Convent, Mukkattukara, Thrissur (Dindigul Mission) 25000/-
15. Mrs. Elizabeth Sebastian, Mukkattukara, Thrissur (Dindigul Mission) 2000/-
16. Kudumbakootaima Co Ordination Committee, Mukkattukara, (Dindigul Mission) 10000/-
17. Department Of Catechism, Eparchy of Ramanathapuram 10000/-
18. Seraphic Provincial House, Palakkad 25000/-

**D. 13th Month Allowance from the Religious Houses & Institutions for Priests Welfare Fund of the Eparchy (2022-2023)**

1. San Jose Convent, Mettupalayalam 1250/-

| | | |
|---|---|---|
| 2. | Karunai Illam, Karamadai | 3500/- |
| 3. | Annai Mary Convent, Erode | 3125/- |
| 4. | Infant Jesus Convent, Palladam | 2375/- |
| 5. | Nirmala Matha Convent, Kuniyamuthur | 1250/- |
| 6. | Karunya Mata Convent, Podannur | 1250/- |
| 7. | Carmel Convent, Viswasapuram | 3500/- |
| 8. | Vimal Jyothi Convent, Viswasapuram | 1950/- |
| 9. | Shalom Convent, Salem | 3125/- |
| 10. | Holy Family Convent, Salem | 1250/- |
| 11. | Amaithi Illam, Adoration Convent | 1250/- |
| 12. | Mary Rani Convent, Gandhipuram | 1250/- |
| 13. | Nirmala Matha Convent, Erode | 1625/- |
| 14. | St George Convent, Coimbatore | 3125/- |
| 15. | St Antony's F. C Convent, Karur | 2375/- |
| 16. | Little Flower Convent, Kumarapuram | 1250/- |
| 17. | Good Shepherd Convent, Karamadai | 1250/- |
| 18. | Holy Family Convent, Sulur | 1625/- |
| 19. | Arokiamatha Convent, Pollachi | 1250/- |
| 20. | Anto Bhavan, Manavady, Karur | 1250/- |
| **E.** | **Education Apostolate** | |
| 1. | CMC Sisiters of Jai Rani Province, Coimbatore | 100000/- |
| 2. | Alvernia matriculation Hr Sec School, Coimbatore | 10000/- |
| 3. | Nirmala Rani Charitable Society, Palakkad | 10000/- |
| 4. | Christu Jyothi Mattric Hr Sec School | 10000/- |
| 5. | CHF Arokiamatha Vice Province, Coimbatore | 50000/- |
| 6. | St. Joseph Matric Hr Sec School, Jadayapalayalam, Mettupalayalam | 10000/- |
| 7. | Mr. Proinchu & Family, Ramanathapuram, Coimbatore | 10000/- |
| 8. | Mrs. Annie porinchu & Family, Ramanathapuram, Coimbatore | 3000/- |
| 9. | Dr. George Zacharia & Family, Ramanathapuram, Coimbatore | 50000/- |
| 10. | Mr. Francis C C & Family, Puliyakulam, Coimbatore | 10000/- |
| 11. | St Antony's Martic Hr Sec School, Karur | 5000/- |
| **F.** | **Mother Theresa Peace Home, Construction Fund** | |
| 1. | Louis A O, Saibaba Colony, Coimbatore | 10000/- |
| 2. | Babau Nilayalingal, Saibaba Colony, Coimbatore | 10000/- |

**ഫാ. ജെറിൻ എളങ്കുന്നപ്പുഴ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. ഡെറിൻ പള്ളിക്കുന്നത്ത്**
ഫിനാൻസ് ഓഫീസർ

## SPECIAL COLLECTION 2021-2022

| No. | Special Collection | Mission Sunday | Family Aposulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M. Mission Sunday | S.M. Church Sunday | Justice Sunday | Holy Child Hood | C.M.L | Social Service | Carismatic | Mathruvedi | Pithruvedi | Good Friday | Maunday Thursday | Lenten Campaign | Prison Ministry |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Annur | | | | | | | | | | | | | | | | | | | | |
| 2 | Arogyamatha Pollachi | | | | | | | | | | | | | | | | | | | | |
| 3 | Chennimalai | | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | | 50 | 50 |
| 4 | Citra | | | | | | | | | | | | | | | | | | | | |
| 5 | Darapuram | 2000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1200 | 1360 | | 100 |
| 6 | Dindigal | 3770 | | | | | | | | | | | | | | | | 1400 | 3400 | | |
| 7 | Edayapalayam | | 100 | 100 | 100 | 200 | 100 | 200 | 10000 | 360 | 100 | 100 | 100 | 200 | 100 | 200 | 200 | 1000 | | 600 | 100 |
| 8 | Erode | 44545 | 750 | 750 | 500 | 500 | 500 | 750 | 900 | 750 | 750 | 500 | 500 | 500 | 2500 | 1000 | 1000 | 2000 | | 2000 | 500 |
| 9 | Ganapathy | | | | | | | | | | | | | | | | | | | | |
| 10 | Gandhipuram | 25000 | 500 | 500 | 500 | 500 | 500 | 500 | 2000 | 2500 | 500 | 500 | 500 | 500 | 250 | 500 | 500 | 2000 | 20000 | 1000 | 250 |
| 11 | Kangayam | | 50 | 50 | 50 | 50 | 50 | 50 | 500 | 100 | 50 | 50 | 50 | 50 | 50 | 50 | 50 | 500 | | 200 | 50 |
| 12 | Karamadai | 2500 | 200 | 100 | 100 | 200 | 100 | 150 | 300 | 200 | 100 | 100 | 100 | 300 | 100 | 100 | 100 | 700 | 2000 | 500 | 200 |
| 13 | Karur | 10000 | | | | | | | | | | | | | | | | | | | |
| 14 | Kavundampalayalam | 26100 | 250 | 250 | 300 | 500 | 1150 | 250 | 1000 | 1000 | 150 | 100 | 150 | 500 | 250 | 250 | 250 | 5000 | | 1000 | 250 |
| 15 | Kodaikanal | | | | | | | | | | | | | | | | | | | | |
| 16 | Kuniamuthur | | 250 | 250 | 250 | 250 | 250 | 250 | 25000 | 1000 | 250 | 250 | 250 | 250 | 250 | 250 | 250 | 18010 | | 3000 | 250 |
| 17 | Mettupalayalam | 10500 | 200 | 200 | 200 | 200 | 200 | 200 | 3000 | 600 | 200 | 200 | 200 | 200 | 200 | 200 | 200 | 1500 | | 4000 | 200 |
| 18 | P.N Palayalam | 8060 | 250 | 150 | 150 | 150 | 150 | 150 | 1000 | 850 | 150 | 150 | 150 | 500 | 150 | 150 | 150 | 4090 | 4807 | | |
| 19 | Palladam | 2000 | 300 | 200 | 200 | 500 | 100 | 200 | 500 | 100 | 100 | 100 | 100 | 200 | 150 | 150 | 150 | 500 | | 200 | 100 |
| 20 | Podannur | 20300 | 500 | 500 | 500 | 500 | 500 | 500 | | 500 | 500 | 500 | 500 | 1000 | 500 | 500 | 500 | | | | 500 |
| 21 | Pollachi | 26000 | 300 | 300 | 300 | 300 | 100 | 250 | 1500 | 200 | 250 | 250 | 250 | 250 | 250 | 300 | 300 | 12795 | 12947 | | 100 |
| 22 | R.S. Puram | 10000 | 300 | 300 | 300 | 200 | 300 | 200 | 300 | 200 | 200 | 200 | 200 | 300 | 300 | 100 | 100 | 1500 | 3000 | 300 | 100 |
| 23 | Ramanathapuram | 2E+05 | 2000 | 2000 | 2000 | 1000 | 1000 | 200 | 5000 | 5000 | 1000 | 2000 | 2000 | 5000 | 2000 | | | | | | 1000 |
| 24 | Saibaba colony | 43450 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 4090 | 6580 | 9600 | 100 |
| 25 | Salem | 10000 | 200 | 100 | 100 | 100 | 100 | 100 | 100 | 680 | 50 | 50 | 50 | 100 | 100 | 100 | 100 | 1000 | | 1000 | 100 |
| 26 | Sasthrinagar | | | | | | | | | | | | | | | | | | | | |
| 27 | St. Alphonsa M T P | | | | | | | | | | | | | | | | | | | | |
| 28 | Suleswarampatty | 8100 | 100 | 100 | 100 | 100 | 100 | 150 | 750 | 100 | 100 | 100 | 150 | 150 | 150 | 200 | 200 | 2052 | 1870 | | 100 |
| 29 | Sullur Aero | 7500 | 100 | 200 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1600 | 100 | 100 |
| 30 | Thanjavur | | | | | | | | | | | | | | | | | | | | |
| 31 | Thottipalayalam | | | | | | | | | | | | | | | | | | | | |
| 32 | Tirupur | 5000 | 200 | 200 | 100 | 200 | 100 | 300 | 1000 | 1000 | 100 | 100 | 100 | 200 | 100 | 100 | 100 | 1000 | 2000 | | 100 |
| 33 | Trichy | | | | | | | | | | | | | | | | | | | | |
| 34 | Udumalpettu | 400 | 400 | 400 | 400 | 400 | 400 | 400 | 1500 | 400 | 400 | 400 | 400 | 400 | 400 | 300 | 300 | 2000 | 3000 | 2000 | 400 |
| 35 | Ukkadam | 20000 | 500 | 500 | 500 | 500 | 500 | 500 | 7000 | 500 | 500 | 500 | 500 | 700 | 500 | 500 | 500 | 4000 | | | 500 |
| 36 | Vadakukad Seminary | 22000 | | | | | | | | | | | | | | | | | | | |
| 37 | Vadavalli | | | | | | | | | | | | | | | | | | | | |
| 38 | Valparai | | 500 | 250 | 250 | 250 | 250 | 250 | 1000 | 1000 | 250 | 250 | 250 | 250 | 250 | | | 2500 | 3000 | 250 | 250 |
| 39 | Viswasapuram | | | | | | | | | | | | | | | | | | | | |

# SPECIAL COLLECTION 2022-2023

| No. | Special Collection | Mission Sunday | Maunday Thursday | Family Aposulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M. Mission Sunday | S.M. Church Sunday | Justice Sunday | Holy Child Hood | C.M.L | Social Service | Carismatic | Good Friday | Lenten Campaign | Prison Ministry | Pithruvedi | Mathruvedi |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Annur | | | | | | | | | | | | | | | | | | | | |
| 2 | Arogiamatha Pollachi | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 3 | Chennimalai | 3950 | 420 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 1910 | 50 | 50 | 50 | 50 |
| 4 | Citra | | | | | | | | | | | | | | | | | | | | |
| 5 | Darapuram | 22800 | 2960 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 1550 | | 50 | 50 | 50 |
| 6 | Dindigul | 3410 | 2100 | | | | | | | | | | | | | | 1000 | | | | |
| 7 | Edayapalayam | | | | | | | | | | | | | | | | | | | | |
| 8 | Erode | | | | | | | | | | | | | | | | | | | | |
| 9 | Ganapathy | | | | | | | | | | | | | | | | | | | | |
| 10 | Gandhipuram | 15000 | 20000 | 250 | 250 | 250 | 250 | 250 | 250 | 500 | 2300 | 250 | 250 | 250 | 250 | 250 | 4000 | 3000 | 250 | 250 | 250 |
| 11 | Kangayam | 2000 | | 50 | 50 | 50 | 50 | 50 | 100 | 1000 | 100 | 50 | 50 | 50 | 50 | 50 | 500 | 500 | 50 | 50 | 50 |
| 12 | Karamadai | 5000 | 2100 | 200 | 100 | 100 | 200 | 100 | 100 | 200 | 200 | 200 | 100 | 100 | 300 | 100 | 800 | 500 | 100 | 100 | 200 |
| 13 | Karur | | | | | | | | | | | | | | | | | | | | |
| 14 | Kavundampalayam | 30620 | | | | | | | | | | | | | | | | | | | |
| 15 | Kodaikkanal | 5000 | | | | | | | | | | | | | | | | | | | |
| 16 | Kuniamuthur | 28000 | 24480 | 2500 | 500 | 500 | 500 | 250 | 700 | 1800 | 750 | 250 | 1000 | 1000 | 500 | 500 | 20010 | 2000 | 500 | 500 | 500 |
| 17 | Mettupalayam | 101880 | | | | | | | | | | | | | | | | | | | |
| 18 | P.n Palayam | 5400 | | 100 | - | - | 500 | 100 | - | 100 | - | - | - | - | - | - | 2000 | 500 | 500 | - | - |
| 19 | Palladam | | | | | | | | | | | | | | | | | | | | |
| 20 | Podannur | | 1200 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 500 | 500 | 1000 | 500 | 1500 | - | 500 | 500 | 500 |
| 21 | Pollachi | | 13333 | 250 | 250 | 100 | 150 | 150 | 150 | 150 | 150 | 100 | 100 | 100 | 250 | 100 | 200 | 200 | 100 | 200 | 200 |
| 22 | R.s.puram | | | | | | | | | | | | | | | | | | | | |
| 23 | Ramanathapuram | 200000 | | | | | | | | | | | | | | | | | | | |
| 24 | Sai Baba Colony | 50320 | 25870 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 5300 | 14630 | 100 | 100 | 100 |
| 25 | Salem | | | | | | | | | | | | | | | | | | | | |
| 26 | Sasthrinagar | | | | | | | | | | | | | | | | | | | | |
| 27 | St.alphonsa Mtp | | | | | | | | | | | | | | | | | | | | |
| 28 | Suleswarampatty | - | 2030 | 100 | 100 | 100 | 100 | 100 | 250 | 250 | 100 | 100 | 100 | 150 | 150 | 150 | - | - | 100 | 200 | 200 |
| 29 | Sulur Aero | | | | | | | | | | | | | | | | | | | | |
| 30 | Thanjavur | | | | | | | | | | | | | | | | | | | | |
| 31 | Thottipalayam | | | | | | | | | | | | | | | | | | | | |
| 32 | Tirupur | 40000 | | | | | | | | | | | | | | | | | | | |
| 33 | Trichy | | | | | | | | | | | | | | | | | | | | |
| 34 | Udumalpettu | 5000 | 3000 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 400 | 2880 | 400 | 400 | 400 | 400 |
| 35 | Ukkadam | 6000 | | | | | | | | 2000 | | | | | | | | | | | |
| 36 | Vadakkukad Seminary | 23020 | | | | | | | | | | | | | | | | | | | |
| 37 | Vadavally | | | | | | | | | | | | | | | | | | | | |
| 38 | Valparai | | | | | | | | | | | | | | | | | | | | |
| 39 | Viswasapuram | | | | | | | | | | | | | | | | | | | | |

# FIRST EPARCHIAL ASSEMBLY 2023 (Income & Expenditure)

| RECEIPTS | | PAYMENTS | | |
|---|---|---|---|---|
| **Particulars** | **Amount** | **Particulars** | **Amount** | |
| Donations | 170,000.00 | **OtherExpenses** | | **108,700.00** |
| Food Income | 132,575.00 | Deepika News Paper | 70000 | |
| Bag | 15,000.00 | Entrance Arch | 10000 | |
| ID Card | 7,925.00 | Scaffolding | 5000 | |
| **Total Income** | **325,500.00** | Sound Operator | 3000 | |
| | | Water | 18000 | |
| | | Chair | 2700 | |
| | | **Printing Expenses** | | **44,007.00** |
| | | Cover Page Design | 3960 | |
| | | Typing | 7600 | |
| | | Xerox | 975 | |
| | | Sri Nagu Printers | 31472 | |
| | | **Stationary Expenses** | | **47,407.00** |
| | | Bag | 33600 | |
| | | ID Card | 7925 | |
| | | Towel | 2520 | |
| | | Stationery Items | 3362 | |
| | | **Liturgy** | | **6,100.00** |
| | | Holy Mass Book(30) | 2100 | |
| | | Flower | 4000 | |
| | | **Stage** | | **11,415.00** |
| | | SK Decoration | 8435 | |
| | | **Stage Flower Decoration** | | **2980** |
| | | **Traveling Allowance** | | **43,078.00** |
| | | **Food Expense** | | **105,929.00** |
| **Over Expenditure** | **41,136.00** | **Total Expenditure** | | **366,636.00** |

**Income and Expense**

**B. DONORS LIST**

| | | |
|---|---|---|
| 1. | Alvernia Matriculation Higher Secondary School, Ramanathapuram | 10,000.00 |
| 2. | Nirmala Matha Convent Matric. Hr. Sec. School, Kuniamuthur | 10,000.00 |
| 3. | Avila Convent Matric. Hr. Sec. School, Coimbatore | 10,000.00 |
| 4. | Holy Trinity Matric. Hr. Sec. School, Ramanathapuram | 47,605.00 |
| 5. | St. Joseph's Matric. Hr. Sec. School, Jadayampalayam | 45,415.00 |
| 6. | Mater Dei International School, Pattanam | 39,555.00 |

| | | |
|---|---|---|
| 7. | St. Joseph's Nursery School, Mettupalayam | 7,925.00 |
| 8. | South Indian Bank, Trichy Road Branch | 15,000.00 |
| 9. | Mr. P. Romal Antony, Ramanathapuram | 5,000.00 |
| 11. | Mr. Babu Nilayathingal, Saibaba Colony | 25,000.00 |
| 12. | Mr. K. M. Mathew, Ramanathapuram | 10,000.00 |
| 13. | M. X. Santosh, Ramanathapuram | 10,000.00 |
| 14. | Mr. Johnson Manavalan, Kavundampalayam | 5,000.00 |
| 15. | Mr. Simon A. F., Ramanathapuram | 5,000.00 |
| 16 | Mr. Raju Cheriyan, Ramanathapuram | 10,000.00 |
| 17. | Mr. Johnson C V, Ramanathapuram | 10,000.00 |
| 18 | Mr. Jaison P V, Ramanathapuram | 10,000.00 |
| 19. | Mr. E. R. George, Gandhipuram | 5,000.00 |
| 20. | Mr. Biju Velukkaran, Gandhipuram | 10,000.00 |
| 21. | Mr.T. K. Cyriac, Ramanathapuram | 5,000.00 |
| 22. | Mr. E. A. Joseph, Ramanathapuram | 5,000.00 |
| 23. | Mr. K. T. Antony, Ramanathapuram | 10,000.00 |
| 24. | Mr. K.L. Roy, Edayapalayam | 5,000.00 |
| 25. | Mr. Kevin Alphonse, Kuniyamuthur | 10,000.00 |
| 26. | Mr. George Thachuparambil, Tiruppur | 35,000.00 |
| 27. | Mr. Wilson Palayoor, Edayapalayam | 1,00,000.00 |

**C. EXPENSES MADE FOR SAN THOM PASTORAL CENTER STAGE WORK**

| Particulars | Income | Expense |
|---|---|---|
| Electrical Items | | 22,620.00 |
| Led Light | | 15,930.00 |
| Speaker & Stand | | 39,770.00 |
| Carpet | | 12,000.00 |
| Freight Charge | | 1,950.00 |
| Labour Charge(Welding, Curtain Fitting& Carpet) | | 6,000.00 |
| Pipe | | 4,760.00 |
| Curtains | | 1,29,210.00 |
| Wall Sticker | | 35,000.00 |
| Donations | 1,35,000.00 | |
| **Total** | **1,35,000.00** | **2,67,240.00** |

**Fr. Tomy Punnathanathu**
(Convenor)

**Fr. Dearin Pallikunnath**
(Finance Officer)

# BISHOP'S Engagements



## AUGUST 2023

03 : Monthly recollection & conference of priests at Minor seminary
04 : Popular Mission retreat at Podannur
10 : Altar blessing & Holy Mass, Edayapalayam
12 : Jubilee Mass & meeting, CSM, Mannumpetta
   : Holy Mass, Puthur (Tcr)
13 : Resource team class at Pastoral centre
14 : Meeting at Mother Theresa Peace Home
15 : Festal Mass at North Pudukad (Tcr)
   : Baptism, Pavaratty
17-20 : Family visit and pastoral visit, Karamadai
21-26 : Synod of Bishops at Kakkanad
27 : Angels' meet, Ramanathapuram



# From the Bishop's Diary

**ജൂലൈ 2023**

2 : തൃശ്ശൂർ അതിരൂപതയിലെ മുക്കാട്ടുകര ദൈവാലയത്തിൽ വിശുദ്ധ ബലി അർപ്പിച്ചു

03 : ഹോളി ട്രിനിറ്റി കത്തിഡ്രലിൽ റാസ കുർബാന അർപ്പിച്ചു.

04 : Mater Dei സ്കൂളിന്റെ കോർകമ്മിറ്റി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

05 : മദർ തെരേസ പീസ്ഹോമിലെ കോർ കമ്മിറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

06 : തൊട്ടിപ്പാളയം ജീവൻജ്യോതി മിഷൻ സെന്ററിൽ വിശുദ്ധബലി അർപ്പിച്ചു

07-09 : പൊള്ളാച്ചി സെൻറ് പോൾസ് ഫൊറോനാ ദേവാലയത്തിൽ ഫാമിലി & പാസ്റ്ററൽ വിസിറ്റ് നടത്തി വിശുദ്ധ ബലി അർപ്പിക്കുകയും വീടുകൾ സന്ദർശിക്കുകയും കുടുംബ കൂട്ടായ്മകളിലും പൊതുയോഗത്തിലും സംഘടനാ മീറ്റിങ്ങുകളിലും അധ്യക്ഷത വഹിക്കുകയും ചെയ്തു.

09-11 : കോയമ്പത്തൂർ ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന TNBC മീറ്റിങ്ങിൽ പങ്കെടുത്തു.

18-20 : രാമനാഥപുരം രൂപതയിലെ വൈദികർക്ക് വേണ്ടി നടത്തപ്പെട്ട ഫിയാത്ത് മിഷൻ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

26 : രൂപതാ മൈനർ സെമിനാരിയിൽ വച്ച് രൂപതയിലെ സബ് ഡീക്കന്മാരായിരുന്ന ബ്ര. എടത്തുരുത്തിക്കാരൻ റിച്ചുവിനും, ബ്ര. പയ്യപ്പിള്ളി നിതിനും ഡീക്കൻ പട്ടം നൽകി.

---

## EPARCHIAL STATUTES
## (Draft for observations and suggestions)
## TITLE V
## CLERICS

### A. Concept of Clerics

176 #1. Clerics who are also called sacred ministers are Christian faithful who, chosen by the competent authority, are deputed through the gift of the Holy Spirit received in sacred ordination to be ministers of the Church, participating in the mission and power of Christ, the Pastor (c. 323 #1)

#2. This basic canon on Clerics (c. 323 #1) contains five dimensions of the law in the Church:

a. Christological-It is the Lord who calls through the Holy Spirit (c. 329 #1, n.1) to participate in the mission and power of Christ, the Schepherd/Pastor.

b.Pneumatological-one becomes a cleric by receiving "the gift of the Holy Spirit" as did Timothy (1Tim. 4:14,2 Tim. 1:6, 1:14).

c.Ecclesiological- Clerics are Christian faithful who are chosen by the competent ecclesiastical authority and deputed through sacred ordination to be the ministers of the Church.

d.Liturgical-It is through the imposition of hands, which takes place in a liturgical rite of ordination that the cleric comes into being as a minister of the Church.

e.Canonical or juridical-the ordained minister receives a ministry with sacred power to accomplish it (c. 326).

177 #1. In virtue of the sacred ordination, clerics are distinguished from the other Christian faithful by divine institution. The clerics are joined among themselves by hierarchical communion and they participate in various degrees and diverse ways in the one ecclesiastical ministry of divine origin (cc. 323 #2 & 324). That means, the Church as mystery is Christ in his Body, and as history is the People of God for whose service the clerics are consecrated to God (c. 368). Sacred ministry is eminently liturgical, but also fully pastoral and missionary (UR 7-10)

#2. In virtue of the sacred ordination, clerics are distinguished as bishops, presbyters and deacons (c. 325) who belong to the Major Order. The minor orders in the Syro-Malabar Major Archiepiscopal church are Karoya and Heupadiakna (c. 327; PL 41).

**B.Vocations:**

**a. The general norms on vocation promotion:**

178 #1. The task of fostering vocations especially to the sacred ministries and the consecrated life belongs to the whole Christian community.

#2. The parents, faith formators and other first educators of the Christian life are to take care that families and schools are so animated by the evangelical spirit that at due time most suitable candidates who show real aptitude to priestly and consecrated life may emerge from them. Clerics, especially parish priests and other priests engaged in pastoral ministry, are to show enthusiasm and diligence in discerning, promoting and coordinating good vocations from among the children and young people (c. 329).

179. In the life guidance one day seminar Horeb fest organized for 8th

standard students of the Faith formation every year in the Month of November, the Come & Follow, the Vocation camps for boys and girls organized annually during the Summer and the Children's ministry arranged in the parishes and mission centres every Sunday jointly by the Faith Formation department and seminarians, the concerned children and young people are to participate very earnestly and enthusiastically with the conviction that they are meant to mould their life. Parish priests and other priests doing ministry in the eparchy, the consecrated men and women, parents, faith formators are to motivate them for this purpose through their exemplary life-witness (c. 380), prayer, encouragement etc.

**b. Eparchial Vocation Commission**

180 #1. The eparchy has a Vocation commission for the promotion of vocations with an eparchial director appointed by the eparchial bishop and representatives of various religious institutes with houses within the eparchy. This commission functions in close collaboration with the Major Archiepiscopal Vocation Commission, Kakkanad (c. 329#1,n. 3; cc. 195, 380, 585 #4, PL 33 #2)

#2, The activity of the eparchial vocation commission shall be coordinated by an eparchial director of vocations with the collaboration of all the vocation promoters within the territory of the eparchy (c. PL 33 #3)

**c. Eparchial Vocation Beuraux:**

181 #1. Eparchial vocation beuraux is the office established in the eparchy for promoting vocations and giving necessary guidance to those who embrace vocations to Priestly as wells as the consecrated life.

#2. Those who enter the religious monasteries and convents for religious formation inside and outside the eparchy, including those for other sui iuris Churches, are to inform about it to their respective parish priests/priests in charge and, along with his written testimony, to register their names in this beuraux in the prescribed format and to accept registration certificate from the eparchial Director of Vocations. (PL 34)

#3. Similarly, the recruitment of candidates for the eparchies/dioceses, institutes of the consecrated life and societies of

the apostolic life outside India shall be done with the written permission of the local hierarch. Moreover, the candidates who go outside India for religious training shall have undergone at least two years of religious formation in India (PL 35-36). Only after first religious profession they could be sent abroad for further formation.

#4. As regards the candidates who join the religious institutes of other sui iuris Churches, it is to be made sure that they have obtained basic formation in the Syro-Malabar patrimony

#5. The eparchial Director and all the vocation promoters in the eparchy, belonging to various institutes of the consecrated life, societies of the apostolic life, shall see to it that the names of candidates selected are registered in the office of the eparchial director of vocations (PL 37 #1). Similarly, if anybody happens to discontinue their priestly as well as the religious formation, it is to be duly communicated to the eparchial Director of the Vocations in writing by the authority concerned (PL 37#2).

**d. Parish/Mission centre Vocation Register:**

182. There should be a register of vocations in the office of the parish priest. It should contain updated information on the names and other details of those who join for priestly as well as religious formation from the parish/mission centre. If anybody happens to discontinue the formation, its details should also be contained in that register.

**C. Priestly Formation:**


183 #1. The basic formation of the seminarians for this eparchy is conducted at St. Mary's Minor seminary, Vadakkukad. The duration of this formation at Minor seminary depends upon the policy and decision of the Syro-Malabar Church and the eparchial bishop from time to time (cc. 331-334)

#2.After the minor seminary formation, there will be philosophical formation in one of the Major seminaries and subsequent to it there will be an year of practical experience (regency) in the places determined by the eparchial bishop. Then if the candidates are found fit for further formation, he will be given clerical dress. Afterwards, there will be four years' theological formation, subject to the norms of law and the decisions of the concerned ecclesiastical authorities (c. 348-350).

#3. During the period of formation, the candidates shall lead an exemplary life and grow in a life of sanctity and wisdom, being subject to the directives of the eparchial as well as concerned seminary leadership and the related parish priests.

#4. As the future priests of the eparchy, the candidates during the formation period itself are to be accustomed and passionate with the wearing of the clerical dress in public (c. 387)

#5. The rector of the eparchial Minor seminary will be responsible in common for the formation of the Minor seminarians, regents and major seminarians of the eparchy. He is always to act in this regard in accordance with the eparchial leadership.



**Mar Paul Alappatt**
Bishop of Ramanathapuram

---

# Eparchial Tribunal - Ramanathapuram

Working days: Wednesday & Thursday
Working hours: 10 AM- 4 PM

**വിവാഹതടസങ്ങൾ– നിയതമായി (തുടർച്ച)**

CCEO cc. 800 - 812 വരെയുള്ള കാനോനകളിൽ കൂദാശാപരമായ വിവാഹത്തിനുള്ള നിയതമായ തടസങ്ങളെ പറ്റിയാണ് പറയുന്നത്. വിവാഹത്തിനുള്ള 12 തടസ്സങ്ങളിൽ കഴിഞ്ഞ ലക്കങ്ങളിൽ നമ്മൾ പഠിച്ചത് പ്രായപരിധി, വന്ധ്യത, ഒരു വിവാഹബന്ധത്തിൽ ആയിരിക്കുന്ന വ്യക്തി, മാമ്മോദീസ സ്വീകരിക്കാത്ത വ്യക്തിയുമായി ട്ടുള്ള വിവാഹം തുടങ്ങിയ തടസ്സങ്ങളെപ്പറ്റിയാണ്.

ഈ ലക്കത്തിൽ തിരുപ്പട്ടങ്ങൾ സ്വീകരിച്ചവർ, ഒരു സന്യാസ സമൂഹത്തിൽ പരസ്യമായി നിത്യ ബ്രഹ്മചര്യ വ്രതമെടുത്തവർ ഇവരുമായുള്ള വിവാഹതടസ്സങ്ങളെപ്പറ്റിയാണ് നാം കാണുന്നത്.

CCEO c.804 തിരുപ്പട്ടങ്ങൾ സ്വീകരിച്ചവർ വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ അത് അസാധുവാണ്.

ലത്തീൻ സഭയിൽ വൈദിക ശുശ്രൂഷികൾ (Clerics) ബ്രഹ്മചാരികളാ

യിരിക്കണമെന്ന് ലത്തീൻ കാനൻ നിയമം അനുശാസിക്കുന്നു (CIC c.1087). അതുകൊണ്ട് ഒരു ഡീക്കനോ വൈദികനോ മെത്രാനോ സാധുവായ വിവാഹബന്ധത്തിലേർപ്പെടാനാവില്ല. പൗരസ്ത്യ സഭകളിലും വൈദിക ബ്രഹ്മചര്യം സമുന്നതമായി കണക്കാക്കുന്നു. എന്നാൽ പൗരസ്ത്യ സഭകളിൽ ആരംഭം മുതൽ വിവാഹിതരായവർക്ക് തിരുപ്പട്ടങ്ങൾ നല്കിയിരുന്നു. എന്നാൽ, തിരുപ്പട്ടം സ്വീകരിച്ചശേഷം വിവാഹിതരാകാൻ പാടില്ലായിരുന്നു. അങ്ങനെ ചെയ്താൽ ആ വിവാഹം അസാധുവായിരിക്കും.

വിവാഹം കഴിച്ചവർ തിരുപ്പട്ടത്തിനുമുമ്പ് വിവാഹ സർട്ടിഫിക്കറ്റ്, ഭാര്യയുടെ രേഖാമൂലമായ സമ്മതം എന്നിവ അധികാരിയെ ഏല്പിക്കണമെന്ന് CCEO c.769 §1 no.2 അനുശാസിക്കുന്നു. വൈദിക ബ്രഹ്മചര്യത്തെപ്പറ്റിയും വിവാഹിതരായ വൈദികരെ പറ്റിയും CCEO c.373 ഉം CCEO c.374 ഉം പ്രതിപാദിക്കുന്നു.

തിരുപട്ടങ്ങളിൽ നിന്ന് ഒഴിവു നല്കാൻ മാർപാപ്പയ്ക്ക് മാത്രമാണ് അധികാരം (CCEO cc.396,795). മരണാവസ്ഥയിലാണെങ്കിൽ പോലും സ്ഥലമേലദ്ധ്യക്ഷന് പൗരോഹിത്യ തിരുപ്പട്ടത്തിൽനിന്ന് ഒഴിവു നല്കാൻ അധികാരമില്ല. (CCEO c.796).

CCEO c.805 ഒരു സന്യാസ സമൂഹത്തിൽ പരസ്യമായി നിത്യ ബ്രഹ്മചര്യ വ്രതമെടുത്ത വ്യക്തികളുടെ വിവാഹം അസാധുവാണ്.

നിത്യബ്രഹ്മചര്യ വ്രതം വിവാഹതടസ്സമാകുന്നത് മൂന്നുകാര്യങ്ങൾ ഉള്ളപ്പോഴാണ്:

1. അതു പരസ്യമായിരിക്കണം : അതായത് സഭയുടെ നാമത്തിൽ നിയമാനുസൃത സഭാധികാരി സ്വീകരിക്കുന്ന വ്രതം (CCEO c.889 § 4)
2. ശാശ്വതമായിരിക്കണം : മരണം വരെ നിലനില്ക്കുന്ന വ്രതമായിരിക്കണം, ഒരു നിശ്ചിതകാലത്തേക്ക് എടുക്കുന്ന താത്കാലിക വ്രതമല്ലത്.
3. ഒരു സന്യാസ സ്ഥാപനത്തിൽ വെച്ച് എടുക്കുന്നതായിരിക്കണം : സന്യാസ സ്ഥാപനം പൊന്തിഫിക്കൽ പദവിയിലോ പാത്രിയാർക്കൽ പദവിയിലോ രൂപതാ പദവിയിലോ ഉള്ളതാകാം .

നിത്യ ബ്രഹ്മചര്യ വ്രതത്തിൽ നിന്ന് ഒഴിവു നല്കാൻ മെത്രാനും പാത്രിയാർക്കീസിനും മാർപാപ്പയ്ക്കും അധികാരമുണ്ട്. രൂപതാ പദവിയിലുള്ള സന്യാസ സ്ഥാപനങ്ങളിൽ എടുക്കുന്ന നിത്യ ബ്രഹ്മചര്യ വ്രതത്തിൽ നിന്ന് രൂപതാ മെത്രാന് ഒഴിവു നല്കാം. പൊന്തിഫിക്കൽ പദവിയിലും പാത്രിയാർക്കൽ പദവിയിലുമുള്ള

കോൺഗ്രിഗേഷനുകളിൽ നിത്യ ബ്രഹ്മചര്യമെടുക്കുന്നവർക്ക് ഒഴിവു നല്കാൻ പൗരസ്ത്യ സഭകളിൽ പാത്രിയാർക്കീസിനധികാരമുണ്ട്. (CCEO 795 §2)



ജുഡീഷ്യൽ വികാരി
**ഫാ. തോമസ് കാവുങ്കൽ**



ഡിഫെൻഡർ ഓഫ് ബോണ്ട്
**സി. ദർശന എഫ്.സി.സി.**



നോട്ടറി
**ഫാ. ജിയോ കുന്നത്തുപറമ്പിൽ**

# പ്രധാന സഭാവാർത്തകൾ

1. ഒക്ടോബറിൽ വത്തിക്കാനിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം പ്രസിദ്ധീകരിച്ചു. ആകെ 364 പേർ പങ്കെടുക്കുന്ന സിനഡിൽ മലയാളി മെത്രാൻമാർ ഉൾപ്പെടെ പത്തുപേരാണ് ഇന്ത്യയിൽ നിന്നുള്ളത്. സീറോമലബാർ സഭയിൽനിന്ന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച് ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി എന്നിവർ പങ്കെടുക്കും.
2. ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന സിനഡിൽ കേരളത്തിൽ നിന്ന് മെത്രാന്മാർക്കു പുറമേ മൂന്നു പേർകൂടി പങ്കെടുക്കും. മാനന്തവാടി രൂപതാംഗമായ ഫാ. സിജീഷ് പുല്ലംകുന്നേൽ, കൊച്ചി സ്വദേശിനി സിസ്റ്റർ ടാനിയ ജോർജ്, ചങ്ങനാശേരി സ്വദേശി മാത്യു തോമസ് പാറക്കാട് എന്നിവർക്കാണു സിനഡിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. മൂന്നുപേരും സിനഡിൽ പങ്കെടുക്കുന്നത് ഭാരതസഭയെ പ്രതിനിധീകരിച്ചല്ല എന്ന പ്രത്യേകതയുമുണ്ട്.
3. ആഗസ്റ്റ് ഒന്നു മുതൽ ആറ് വരെ ലിസ്ബണിൽ നടക്കുന്ന മുപ്പത്തിയേഴാമത് ലോകയുവജന ദിനത്തോടനുബന്ധിച്ച് പ്രത്യേക സ്റ്റാമ്പും തപാൽ മുദ്രയും വത്തിക്കാന്റെ തപാൽ വിഭാഗം പുറത്തിറക്കി. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് 1985-ൽ ആഗോള യുവജനസംഗമത്തിന് തുടക്കമിട്ടത്. 2019ൽ പനാമയിലാണ് ഏറ്റവും ഒടുവിലായി ലോക

യുവജന സംഗമം നടന്നത്.

4. ഏഷ്യൻ രാജ്യമായ മംഗോളിയയിലേക്കുള്ള ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക സന്ദർശനത്തിന്റെ ഔദ്യോഗിക ചിഹ്നവും ആപ്തവാക്യവും വത്തിക്കാൻ പ്രസിദ്ധീകരിച്ചു. 'ഒരുമിച്ച് പ്രത്യാശിക്കുക' എന്നതാണ് ഇത്തവണത്തെ അപ്പസ്തോലിക യാത്രയുടെ ആപ്തവാക്യം. മംഗോളിയയുടെ ദേശീയപതാകയുടെ നിറങ്ങളായ ചുവപ്പും നീലയും ഉപയോഗിച്ച് വരച്ചിരിക്കുന്ന മംഗോളിയൻ ഭൂപടമാണ് അപ്പസ്തോലിക യാത്രയിലെ ഔദ്യോഗികചിഹ്നം.

5. വിശ്വാസ സംരക്ഷണത്തിന് വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ അധ്യക്ഷനായി അർജന്റീനിയൻ ആർച്ച് ബിഷപ്പ് ഡോ. വിക്ടർ മാനുവൽ ഫെർണാണ്ടസിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അറുപത്തിയൊന്നുകാരനായ പുതിയ പ്രീഫെക്ട് ഫ്രാൻസിസ് മാർപാപ്പയുടെ സ്വകാര്യ ദൈവശാസ്ത്രജ്ഞനും എഴുത്തുകാരനുമാണ്. പുതിയ ഉത്തരവാദിത്വത്തോടൊപ്പം പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെയും ഇന്റർനാഷണൽ തിയോളജി കമ്മീഷന്റെയും പ്രസിഡന്റായും അദ്ദേഹം പ്രവർത്തിക്കും.

6. മെത്രാന്മാരുടെ ഡിക്കാസ്റ്ററിയുടെ അണ്ടർ സെക്രട്ടറിയായി മോൺ. ഇവാൻ കോവാക്കിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. പതിനൊന്നു വർഷങ്ങളായി മെത്രാന്മാരുടെ തിരുസംഘത്തിൽ സേവനം ചെയ്തു വരികയായിരിന്നു അദ്ദേഹം. 1978 മാർച്ച് 28ന് ബോസ്നിയ ഹെർത്സെ ഗൊവിനയിൽ ജനിച്ച അദ്ദേഹം മോസ്റ്റർ ദുവ്നോ രൂപതയ്ക്കു വേണ്ടി 2003 ജൂലൈ 5 നാണ് വൈദികനായത്.

7. ജനീവയിലെ ഐക്യരാഷ്ട്ര സഭയുടെ ഓഫീസിലും, ലോക വ്യാപാര സംഘടനയിലും ലോക പ്രവാസി സംഘടനയുടെയും വത്തിക്കാൻ സ്ഥിരം നിരീക്ഷകനായും ആർച്ച് ബിഷപ്പ് എറ്റോർ ബാലെസ്ട്രേറോയെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ അപ്പസ്തോലിക് ന്യൂൺഷ്യേറ്റായായി സേവനം ചെയ്തു വരികെയാണ് പുതിയ നിയമനം ആർച്ച് ബിഷപ്പിന് ലഭിച്ചിരിക്കുന്നത്.

8. മലങ്കര സുറിയാനി കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ അതിരൂപതാംഗമായ മോൺ. ഡോ. ജോർജ്ജ് പനംതുണ്ടിലിനെ ഖസാക്കിസ്ഥാനിലെ അപ്പസ്തോലിക് ന്യൂൺഷ്യേറ്റായായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് വത്തിക്കാൻ അംബാസിഡറായി

നിയമിക്കപ്പെടുന്ന പ്രഥമ വൈദികനാണ് നിയുക്ത അപ്പസ്തോലിക് ന്യൂൺഷ്യോ.

9. അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതയുടെ ദ്വിതീയ മെത്രാനായി മലയാളിയായ ഫാ. ബെന്നി വർഗീസ് ഇടത്തട്ടേലിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. നാഗാലാൻഡിലെ കോഹിമ രൂപതയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്തു വരികെയാണ് കോതമംഗലം രൂപതാംഗമായ ഫാ. ബെന്നി വർഗീസിന് പുതിയ ദൗത്യം ലഭിച്ചിരിക്കുന്നത്. നിലവിലെ ഇറ്റാനഗർ ബിഷപ്പ് ഡോ. ജോൺ തോമസ് കാട്ടറുകുടിയിൽ നൽകിയ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചതോടെയാണു പുതിയ നിയമനം.

10. ഒഡീഷയിലെ ബാലസോർ രൂപതയുടെ മൂന്നാമത്തെ മെത്രാനായി മലയാളിയായ ബിഷപ്പ് ഡോ. വർഗീസ് തോട്ടങ്കര ചുമതലയേറ്റു. 2019ൽ അന്തരിച്ച മലയാളിയായ ബിഷപ് ഡോ. സൈമൺ കൈപ്പുറത്തിന്റെ പിൻഗാമിയായാണു ബിഷപ്പ് ഡോ. വർഗീസ് തോട്ടങ്കര ബാലസോർ രൂപതയുടെ അധ്യക്ഷനായി ചുമതലയേറ്റത്.

---

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ മാത്യു വെള്ളാനിക്കൽ

# സഭൈക്യവും സുവിശേഷപ്രഘോഷണവും

## (തിരുവചനഭാഗം: 1 കോറിന്തോസ് 1,1-31)

കോറിന്തോസിലെ സഭാംഗങ്ങളെ പൗലോസ്ശ്ലീഹാ അവരുടെ വിളിയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അനുസ്മരിപ്പിക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ആമുഖവും ആശംസാവാക്യവും (1,1-3)
2. നന്ദിയും പ്രാർത്ഥനയും (1,4-9)
3. സഭയിലെ ഭിന്നത (1,10-17)
4. സുവിശേഷത്തിന്റെ ഭോഷത്തം (1,18-25)
5. ദൈവവിളി (1,26-31)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. ആമുഖവും ആശംസാവാക്യവും**

"ഈശോമിശിഹായുടെ ശ്ലീഹായായി ദൈവഹിതാനുസരണം വിളിക്കപ്പെട്ട പൗലോസും സഹോദരൻ സൊസ്തേനെസ്സും കോറിന്തോസി

ലുള്ള ദൈവത്തിന്റെ സഭയ്ക്ക് എഴുതുന്നത്: ഈശോമിശിഹായിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ ഈശോമിശിഹായിൽനിന്നും കൃപയും സമാധാനവും" (1,1–3).

ആദ്യനൂറ്റാണ്ടിൽ നിലവിലിരുന്ന കത്തുകളുടെ ശൈലിതന്നെയാണ് പൗലോസ്ശ്ലീഹാ തന്റെ രചനയിലും സ്വീകരിച്ചിരിക്കുന്നത്. അതായത്, ആര് ആർക്ക് എഴുതുന്നു എന്ന് വ്യക്തമാക്കുന്നു. പൗലോസ്ശ്ലീഹാ സ്വയം വിശേഷിപ്പിക്കുന്നത് 'ഈശോമിശിഹായുടെ ശ്ലീഹായായി ദൈവഹിതാനുസരണം വിളിക്കപ്പെട്ടവൻ' എന്നാണ്. പൗലോസിന്റെ ശ്ലൈഹികസ്ഥാനം അംഗീകരിക്കാൻ കൂട്ടാക്കാത്ത ചിലർ കോറിന്തോസിലെ സമൂഹത്തിലുണ്ടായിരുന്നു. പന്ത്രണ്ടുശ്ലീഹന്മാരിലൊരുവനല്ലാതിരുന്നതിനാലാണ് ഇപ്രകാരമൊരു സാഹചര്യമുണ്ടായത്. എന്നാൽ, പന്ത്രണ്ടുശ്ലീഹന്മാരെപ്പോലെ താനും ഉത്ഥിതനായ മിശിഹായെ സഭയിൽ കണ്ട (നടപടി 9–ാം അദ്ധ്യായം), ശ്ലൈഹികാധികാരമുള്ള വ്യക്തിയാണെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു.

കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കാണ് പൗലോസ്ശ്ലീഹാ ഈ ലേഖനം എഴുതുന്നത്. സഭ എന്നതിന് 'എക്ലേസിയാ' എന്ന ഗ്രീക്കുവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരുമിച്ചു കൂട്ടപ്പെട്ട ജനസമൂഹം എന്നാണിതിനർത്ഥം. ഇവിടെ ഇതു ദൈവത്തിന്റെ സഭയാണ്. പഴയനിയമത്തിൽ ദൈവം തിരഞ്ഞെടുത്ത ജനത്തെ സൂചിപ്പിക്കാൻ 'എക്ലേസിയാ' എന്ന പദം ഉപയോഗിച്ചിരുന്നു. സഭ പുതിയനിയമ ദൈവജനമാണ് എന്ന യാഥാർത്ഥ്യം ഇതിലൂടെ പൗലോസ്ശ്ലീഹാ സഭാംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം 'ഈശോമിശിഹായിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും' എന്ന വാക്കുകൾ കൂട്ടിച്ചേർക്കുന്നു. സഭയിൽ എല്ലാവരും പരിശുദ്ധനായ ദൈവത്തിനും ദൈവാരാധനയ്ക്കുംവേണ്ടി മാറ്റിനിർത്തപ്പെട്ടവരാണെന്ന് ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ട് സഭയിൽ എല്ലാവരും ധാർമ്മികമായ ജീവിതവിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. അജപാലകരും വിശ്വാസികളും വിശുദ്ധിയിലേക്കുള്ള തങ്ങളുടെ വിളിയെക്കുറിച്ചും സുവിശേഷപ്രഘോഷണദൗത്യത്തെക്കുറിച്ചും അവബോധമുള്ളവരായിരിക്കണമെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു.

**2. നന്ദിയും പ്രാർത്ഥനയും**

"ഈശോമിശിഹായിൽ നിങ്ങൾക്കു കൈവന്ന ദൈവകൃപയ്ക്കു ഞാൻ

നിങ്ങളെപ്രതി ദൈവത്തിനു സദാ നന്ദിപറയുന്നു. എന്തുകൊണ്ടെന്നാൽ, അവിടുന്ന് എല്ലാ വിധത്തിലും, പ്രത്യേകിച്ച്, വചനത്തിലും വിജ്ഞാനത്തിലും നിങ്ങളെ സമ്പന്നരാക്കി. മിശിഹായെപ്പറ്റിയുള്ള സാക്ഷ്യം നിങ്ങളിൽ ഉറപ്പിക്കപ്പെട്ടതിന്റെ ഫലമായി, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ വെളിപാടു കാത്തിരിക്കുന്ന നിങ്ങൾക്ക് യാതൊരു ആത്മീയദാനത്തിന്റെയും കുറവില്ല" (1,4-7).

പൗലോസ്ശ്ലീഹായുടെ എല്ലാ ലേഖനങ്ങളിലുംതന്നെ നന്ദിപ്രകടനം ആദ്യഭാഗത്തായി ചേർക്കുന്നുണ്ട്. കോറിന്തോസിലെ സഭാംഗങ്ങളുടെ മികവിലും തന്നോടുള്ള പെരുമാറ്റത്തിനുമല്ല നന്ദി പറയുന്നത്. ദൈവം സഭയിൽ ചെയ്ത മഹത്കാര്യങ്ങളാണ് നന്ദിയുടെ അടിസ്ഥാനം. എന്തെല്ലാം കുറവുകൾ സഭാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായാലും വിശ്വാസം സ്വീകരിക്കാത്ത ഇതര കോറിന്തോസുകാരെക്കാൾ ഭാഗ്യപൂർണമായ ജീവിതമാണ് വിശ്വാസികളുടേത് എന്ന സൂചനയാണിവിടെ കാണുന്നത്. മാനുഷികമോ ഭൗമികമാത്രമോ ആയ നേട്ടങ്ങൾ വലിയ കാര്യമായി ശ്ലീഹാ കണക്കാക്കുന്നില്ല. ഈശോമിശിഹായിൽ അവർക്കു കൈവന്ന കൃപയാണ് പ്രധാനം. സത്യം ഗ്രഹിക്കുകയും അതു പ്രഘോഷിക്കുകയും ചെയ്യാനുള്ള കൃപയാണ് കോറിന്തോസുകാർക്കു ലഭിച്ചത്. അവർ അതു ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്തു.

'മിശിഹായെക്കുറിച്ചുള്ള സാക്ഷ്യം' എന്നത് പ്രാധാന്യമർഹിക്കുന്നു (1 കോറി 1,6-7). 'ഞങ്ങളുടെ സാക്ഷ്യം' എന്നാണ് മൂലഗ്രന്ഥത്തിൽ കാണപ്പെടുന്നത്. സുവിശേഷസാക്ഷ്യത്തിന്റെ ഉറവിടത്തിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. സുവിശേഷം എന്നാൽ ദൈവം പ്രവർത്തിച്ച രക്ഷാകരപ്രവർത്തനങ്ങളുടെ സദ്വാർത്തയാണ്. ശ്ലീഹന്മാരുടെ സാക്ഷ്യത്തിലൂടെയാണ് ഇതു കൈമാറ്റം ചെയ്യപ്പെടുന്നത്. സുവിശേഷകൈമാറ്റത്തിലെ സഭയുടെ സ്ഥാനം ഇതു വ്യക്തമാക്കുന്നു. ഈ കൈമാറ്റമാണ് സുവിശേഷസന്ദേശത്തിലെ 'പാരമ്പര്യം'. 'എനിക്കു കർത്താവിൽനിന്നു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം' (1 കോറി 11,23) എന്ന് പിന്നീട് ഇതേ അർത്ഥത്തിൽ ഇതു പരാമർശിക്കപ്പെടുന്നുണ്ട്. 'സാക്ഷ്യം നല്കുക' എന്നത് കേവലം വാക്കുകൾകൊണ്ടുള്ള വെളിപ്പെടുത്തൽ മാത്രമല്ല. 'നിങ്ങൾ എനിക്കു സാക്ഷികളാകുവിൻ' (ശ്ലീഹ 1,8) എന്നാണ് കർത്താവ് ശിഷ്യസമൂഹത്തോട് ആവശ്യപ്പെട്ടത്. തങ്ങളുടെ പ്രബോധനംകൊണ്ടും ജീവിതംകൊണ്ടും, അവസാനം ജീവൻ നല്കിയും, ശ്ലീഹന്മാർ സുവിശേഷത്തിനു സാക്ഷികളായി. ഈ സുവിശേഷസാക്ഷ്യം ഇന്നും സഭയിൽ തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അജപാലകരും അജഗണങ്ങളും

പ്രത്യേകം ശ്രദ്ധിക്കണം.

**3. സഭയിലെ ഭിന്നത**

"സഹോദരരേ, നിങ്ങൾ എല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടുംകൂടെ വർത്തിക്കണമെന്നു നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. എന്റെ സഹോദരരേ, നിങ്ങളുടെയിടയിൽ തർക്കങ്ങളുണ്ടെന്നു ക്ലോയെയുടെ ബന്ധുക്കൾ എന്നെ അറിയിച്ചിരിക്കുന്നു. ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ്, ഞാൻ കേപ്പായുടേതാണ്, ഞാൻ മിശിഹായുടേതാണ് എന്നിങ്ങനെ നിങ്ങളോരോരുത്തരും പറയുന്നതിനെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. മിശിഹാ വിഭജിക്കപ്പെട്ടിരിക്കുന്നുവോ? നിങ്ങൾക്കുവേണ്ടി ക്രൂശിതനായതു പൗലോസാണോ? പൗലോസിന്റെ നാമത്തിലാണോ നിങ്ങൾ മാമോദീസാ സ്വീകരിച്ചത്?" (1,10-13).

ഈശോമിശിഹായുടെ സഹവാസത്തിലേക്കു വിളിക്കപ്പെട്ട സഭാസമൂഹത്തിൽ ഭിന്നത ശക്തിപ്രാപിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. 'സഹോദരരേ' എന്ന അഭിസംബോധന പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 'സഹോദരരേ' എന്ന വാക്ക് 39 പ്രാവശ്യം കോറിന്തോസുകാർക്കുള്ള ഈ ഒന്നാം ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. മാമോദീസായിലൂടെ പിതാവായ ദൈവത്തിന്റെ പുത്രത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്നവരുടെ കുടുംബമാണ് സഭ. അപ്രകാരമുള്ള സഭാംഗങ്ങൾ പരസ്പരം സഹോദരങ്ങളായി, കുടുംബാരൂപിയിലും ഐക്യത്തിലും ജീവിക്കേണ്ടവരാണ്. എന്നാൽ കോറിന്തോസിലെ സഭാസമൂഹത്തിൽ ആഴമായ ഭിന്നത രൂപപ്പെട്ടിരുന്നു. പൗലോസിന്റെയും അപ്പോളോസിന്റെയും കേപ്പായുടെയും മിശിഹായുടെയും പേരിൽ ഭിന്നിച്ചുനില്ക്കുന്ന സ്ഥിതിവിശേഷമാണ് അവിടെയുണ്ടായിരുന്നത്. അവരുടെ പ്രബോധനങ്ങളോടുള്ള ആഭിമുഖ്യമാകാം ഈ വിഭജനത്തിനടിസ്ഥാനം. ക്രൂശിതനായ മിശിഹായിലുള്ള വിശ്വാസത്തെക്കാൾ, മിശിഹായെപ്പറ്റിയുള്ള പ്രബോധനത്തിനും പ്രബോധകർക്കും പ്രാധാന്യം കല്പിച്ചുകൊണ്ട് സഭാകൂട്ടായ്മയെ ശിഥിലമാക്കിയിരുന്ന സാഹചര്യമാണവിടെയുണ്ടായിരുന്നത്. മിശിഹായിൽ ഏകശരീരമായിത്തീർന്ന സമൂഹമെന്ന നിലയിലുള്ള കൂട്ടായ്മയ്ക്കാണ് സഭയിൽ അടിസ്ഥാനപരമായി പ്രാധാന്യം നല്കേണ്ടതെന്ന് പൗലോസ്ശ്ലീഹാ അവരെ ഉദ്ബോധിപ്പിക്കുന്നു.

"മിശിഹാ എന്നെ അയച്ചത് സ്നാനം നല്കാനല്ല, സുവിശേഷം പ്രസംഗിക്കാനാണ്. എന്നാൽ വാഗ്വിലാസത്തോടെയല്ല, ആയിരുന്നെങ്കിൽ മിശിഹായുടെ കുരിശു വ്യർത്ഥമാകുമായിരുന്നു" (1,17) എന്ന് പൗലോ

സ്ശ്ലീഹാ എടുത്തുപറയുന്നു. മാമോദീസാ നല്കുകയോ മറ്റേതെങ്കിലും കൂദാശകൾ നല്കുകയോ ചെയ്യുന്ന വ്യക്തികൾ അവരിൽത്തന്നെ പ്രധാനമല്ല. ദൈവം അവരെ ഭരമേല്പിച്ചിട്ടുള്ള ശുശ്രൂഷ നിർവഹിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. കൂദാശകൾ പരികർമ്മം ചെയ്യുന്നവരോടും മറ്റ് ദൈവികശുശ്രൂഷകൾ ചെയ്യുന്നവരോടും പ്രത്യേക അടുപ്പവും ബന്ധവും തോന്നിയെന്നിരിക്കാം. എങ്കിലും അവർ തങ്ങളുടെ ശുശ്രൂഷയിലൂടെ വിശ്വാസികളെ തങ്ങളിലേയ്ക്കല്ല മിശിഹായിലേക്കാണ് ചേർക്കേണ്ടതും അടുപ്പിക്കേണ്ടതും. പൗരോഹിത്യശുശ്രൂഷ ശ്ലൈഹികശുശ്രൂഷയാണ്. അതുകൊണ്ട് അജപാലകർ സുവിശേഷപ്രഘോഷണത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്. സുവിശേഷപ്രഘോഷണത്തിലൂടെ സഭാസമൂഹത്തെ സ്നേഹത്തിലും സാഹോദര്യത്തിലും കെട്ടിപ്പടുക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**4. സുവിശേഷത്തിന്റെ ഭോഷത്തം**

"നാശത്തിലുടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ. വിജ്ഞാനികളുടെ വിജ്ഞാനം ഞാൻ നശിപ്പിക്കും, വിവേകികളുടെ വിവേകം ഞാൻ നിഷ്ഫലമാക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ. വിജ്ഞാനി എവിടെ? നിയമജ്ഞൻ എവിടെ? ഈ യുഗത്തിന്റെ താർക്കികൻ എവിടെ? ലൗകികവിജ്ഞാനത്തെ ദൈവം ഭോഷത്തമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ലൗകിക വിജ്ഞാനത്താൽ അവിടുത്തെ അറിഞ്ഞില്ല. തന്മൂലം വിശ്വസിക്കുന്നവരെ സുവിശേഷത്തിന്റെ ഭോഷത്തംവഴി രക്ഷിക്കാൻ അവിടുന്നു തിരുമനസ്സായി" (1,18-21).

കുരിശിന്റെ വചനം പൗലോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ ഉള്ളടക്കംതന്നെയാണ്. ശ്ലീഹായുടെ കാഴ്ചപ്പാടിൽ രണ്ടു തരത്തിലുള്ള മനുഷ്യരാണുള്ളത് - നശിച്ചുകൊണ്ടിരിക്കുന്നവരും രക്ഷയുടെ വഴിയിൽ ചരിക്കുന്നവരും. നശിച്ചുകൊണ്ടിരിക്കുന്നവർ ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെട്ടവരാണ്. അവർക്കു കുരിശിന്റെ സന്ദേശം വെറും ഭോഷത്തമാണ്. രക്ഷയിലേക്കു വന്നിരിക്കുന്നവർക്ക് അവരുടെ ജീവിതശൈലിമൂലം ആത്മീയകാര്യങ്ങൾ വിലമതിക്കാൻ കഴിയുന്നു. അവർ സുവിശേഷത്തിന്റെ മഹത്ത്വം കണ്ടെത്തുന്നു. സുവിശേഷം കേവലം നവീനമായ ഒരു പ്രബോധനമോ, ആകർഷകമായ ഒരു വിജ്ഞാനമോ അല്ല. അതു ദൈവത്തിന്റെ ശക്തിയാണ്. മിശിഹായിലൂടെ ദൈവം നല്കിയ വലിയ സമ്മാനത്തിനുള്ള പ്രത്യുത്തരമാണ്. അനുദിനം മിശിഹായ്ക്കു ചേർന്നവിധം ജീവിച്ചുകൊണ്ടാണ്

ഈ പ്രത്യുത്തരം യാഥാർത്ഥ്യമാക്കേണ്ടത്.

പൗലോസ്ശ്ലീഹാ തുടർന്നുപറയുന്നു: "യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു; ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളാകട്ടെ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹായെ പ്രസംഗിക്കുന്നു" (1,22-23). യഹൂർക്ക് കുരിശ് അസ്വീകാര്യമായിരുന്നു. തങ്ങളെ രാഷ്ട്രീയമായും സാമൂഹികപരമായും മോചിപ്പിക്കുവാൻ വരുന്ന മിശിഹായെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട് ക്രൂശിതനായ മിശിഹാ അവർക്ക് ഇടർച്ചയാണ്. കോറിന്തോസുകാർ ലോകത്തിന്റെ ജ്ഞാനത്തിൽ മഹത്ത്വവും സ്വാതന്ത്ര്യവും തികഞ്ഞവരായിരുന്നു. ഗ്രീക്കുതത്വചിന്തയായിരുന്നു കോറിന്തോസിലെ മേൽനിരയുടെ അഭിമാനം. അവർക്ക് ക്രൂശിതനായ മിശിഹാ ഭോഷത്തമാണ്. എന്നാൽ ദൈവത്താൽ വിളിക്കപ്പെട്ട ക്രൈസ്തവർക്ക് മിശിഹാ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ് (1,24). ക്രൂശിതനായ മിശിഹായെ കഴിഞ്ഞുപോയ ഒരു യാഥാർത്ഥ്യമായല്ല, ഇപ്പോഴും തുടരുന്ന ഒന്നായിട്ടാണ് ശ്ലീഹാ അവതരിപ്പിക്കുന്നത്. ക്രൂശിതനായ മിശിഹായുടെ രക്ഷാകരസാന്നിദ്ധ്യം ഇപ്പോഴും തുടരുന്നു. വിശ്വസിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായി ഇന്നും തുടരുന്നു. കുരിശിൽ ഉയർത്തപ്പെട്ട, ഉത്ഥിതനായ, മിശിഹായിലുള്ള വിശ്വാസം അജപാലകരുടെയും അജഗണങ്ങളുടെയും ജീവിതകേന്ദ്രമായി നിലകൊള്ളണം.

**5. ദൈവവിളി**

"സഹോദരരേ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ ലൗകികമാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ദൈവദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തിരഞ്ഞെടുത്തു" (1,26-28).

ആദിമസഭയുടെ പശ്ചാത്തലത്തിൽ ക്രിസ്ത്യാനികളിൽ ഏറിയ പങ്കും സാധാരണക്കാരും സമൂഹത്തിലെ താഴ്ന്ന തട്ടുകളിൽ ഉള്ളവരുമായിരുന്നു. ജ്ഞാനികളും കുടുംബമഹിമകളുള്ളവരും സമൂഹത്തിൽ സ്ഥാനമുള്ളവരും സഭയിലില്ലായിരുന്നു എന്നിവിടെ സൂചനയില്ല. ഭൂരിപക്ഷം സഭാംഗങ്ങളും സാധാരണക്കാരായിരുന്നു. ഇപ്രകാരം ലോകദൃഷ്ടിയിൽ സാധാരണക്കാരായവരെ തിരഞ്ഞെടുത്തത് ദൈവത്തിന്റെ

മഹനീയമായ പ്രവൃത്തിയുടെ വൈഭവം പ്രകടമാക്കാനാണ്. ദൈവത്തിന്റെ പ്രവൃത്തി സൃഷ്ടിതന്നെയാണ്. ഇല്ലായ്മയെയും ബലഹീനതയെയും ദൈവം മഹത്തരമാക്കുന്നു. കോറിന്തോസിലെ സഭയിൽ നിലനിന്നിരുന്ന കക്ഷിമത്സരങ്ങളും അറിവിന്റെയും ജ്ഞാനത്തിന്റെയും പേരിലുള്ള അഹങ്കാരങ്ങളും ദൈവത്തിന്റെ പ്രവർത്തനത്തിനുമുമ്പിൽ സമ്പൂർണമായും ഫലശൂന്യവും ഇല്ലായ്മയുമായിത്തീരുന്നു. ദൈവം ഇപ്രകാരം പ്രവർത്തിക്കുന്നത് മാനുഷികമായ അഭിമാനത്തിന്റെ സാദ്ധ്യതകൾ ദുരീകരിക്കുന്നതിനാണ്. നമ്മുടെ ക്രിസ്തീയവിളി ദൈവത്തിന്റെ കൃപമാത്രമാണ് എന്നു നാം അംഗീകരിക്കണം.

അതേസമയം മിശിഹായിലൂടെ നമുക്കു ലഭ്യമായ ഭാവാത്മകനേട്ടങ്ങൾ നാം അംഗീകരിക്കുകയും വേണം. നമ്മുടെ ജീവിതത്തിന്റെ ഉറവിടം മിശിഹായാണ്. വിശ്വാസികളെന്ന നിലയിൽ നമ്മുടെ ജീവിതം മിശിഹായുമായി അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു. തികച്ചും വൈയക്തികമായ ഒരു ആത്മബന്ധമാണിത്. ദൈവം നമുക്കു മിശിഹായെ ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു (1,30). പാപത്തിന്റെ പിടിയിലായ മനുഷ്യന് ഈശോയുടെ സുവിശേഷം, ദൈവവുമായി ആദ്യമുണ്ടായിരുന്ന സഹവാസം സാധ്യമാക്കിയിരിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും കരുണയും കൃപയുമാണ് ഇതു സാധ്യമാക്കിയത്. പുത്രന്റെ ജീവിതവും മരണവും ഉത്ഥാനവും അങ്ങനെ സുവിശേഷമായി. അരൂപിയുടെ സാന്നിദ്ധ്യവും സുവിശേഷത്തിനായുള്ള പ്രചോദനവും ഈ പുതുജീവിതം യാഥാർത്ഥ്യമാക്കുന്നു. വിശുദ്ധീകരണം ദൈവത്തിന്റെ സ്വതന്ത്രദാനമാണ്. അതേസമയം അത് ദൈവികജീവിതശൈലി നമുക്കു നല്കുകയും ചെയ്യുന്നു. ഈ ക്രിസ്തീയവിളിക്കനുസൃതമായി ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

**ജീവിതസൂചിക**

1. വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചും സുവിശേഷപ്രഘോഷണ ദൗത്യത്തെക്കുറിച്ചുമുള്ള ബോദ്ധ്യം എനിക്കുണ്ടോ?
2. ജീവിതംകൊണ്ടും പ്രബോധനംകൊണ്ടും സുവിശേഷത്തിനു സാക്ഷ്യം നല്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
3. സഭാസമൂഹത്തെ സ്നേഹത്തിലും സാഹോദര്യത്തിലും കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ക്രൂശിതനും ഉത്ഥിതനുമായ മിശിഹായിലുള്ള വിശ്വാസം എന്റെ ജീവിതകേന്ദ്രമായിത്തീർന്നിട്ടുണ്ടോ?
5. ക്രിസ്തീയവിളിക്കനുസൃതമായി ജീവിക്കുവാൻ അജഗണങ്ങളെ ഞാൻ ബോധവൽക്കരിക്കുന്നുണ്ടോ?



# സെമിനാരി വിശേഷം

കഴിഞ്ഞ ഒരുമാസക്കാലം ഞങ്ങളെ പരിപാലിക്കുകയും വഴിനടത്തുകയും ചെയ്ത നല്ലദൈവത്തിന് നന്ദി.

**29-06-2023:** 28, 29 തീയതികളിലായി വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ സഘോഷം കൊണ്ടാടി. 28-ാം തീയതി വൈകുന്നേരം ബഹു. ജസ്റ്റിൻ തടത്തിലച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷമായ റംശാ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചു. 29-ാം തീയതി വൈകുന്നേരം 6 മണിക്ക് അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് അന്ന് വി. പൗലോസിന്റെ നാമഹേതുക തിരുനാളാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് സെമിനാരികുടുംബം ആശംസകൾ നേർന്നു. ബഹു. സജീവ് ഇമ്മട്ടിയച്ചന്, ബഹു. ജസ്റ്റൻ തടത്തിലച്ചൻ, ബഹു. സി. രേഷ്മ സി.എസ്.സി., ബഹു. ബ്ര. എൽദോ കണ്ണന്തറ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. തുടർന്ന് സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച 'കോൽക്കളി'യും ഉണ്ടായിരുന്നു.

**03.07.2023:** 3-ാം തീയതി വി. തോമ്മാശ്ലീഹായുടെ ഓർമ്മയാചരിച്ചുകൊണ്ട് 'ദുക്റാന' തിരുനാൾ ആഘോഷിച്ചു. 2-ാം തീയതി വൈകുന്നേരം ബഹു. സജീവ് ഇമ്മട്ടിയച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷമായ റംശാ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചു. 3-ാം തീയതി ബഹു. ജസ്റ്റിൻ തടത്തിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. തിരുനാളിനെ തുടർന്ന് 03.07.2023ന് അവധിയായിരുന്നു.

**12.07.2023 - 13.07.2023:** മൈനർ സെമിനാരി, റീജൻസി ബ്രദേഴ്സിനായുള്ള ജൂലൈ മാസത്തെ ധ്യാനം 12, 13 തീയതികളിലായി ബഹു. ഫാബിൻ നീലങ്കാവിലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. "Develop all our talents for the causes of the kingdom of God and Evangelisation" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ബഹു. ഫാബിനച്ചൻ ധ്യാനിപ്പിച്ചത്. മാസധ്യാനത്തോടനുബന്ധിച്ച് വി. കുമ്പസാരവും നടത്തപ്പെട്ടു.

**ഫാ. ജസ്റ്റിൻ തടത്തിൽ**
ഫിനാൻസ് ഓഫീസർ & പ്രിഫക്റ്റ്

**ഫാ. സജീവ് ഇമ്മട്ടി**
റെക്ടർ



# വിശ്വാസപരിശീലനം

വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ!

**First Mid Term Examination**

ആഗസ്റ്റ് 6-ാം തീയതി 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് മിഡ് ടേം പരീക്ഷ നടത്തപ്പെടുന്നു. കുട്ടികളെല്ലാവരും നന്നായി പഠിച്ച് ഇതിൽ പങ്കെടുക്കുക. ചോദ്യപേപ്പർ തുടങ്ങി പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും യൂണിറ്റുകൾ ക്രമീകരിക്കേണ്ടതാണ്.

**എയ്ഞ്ചൽസ് മീറ്റ് 2023**

രൂപതാ ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന "എയ്ഞ്ചൽസ് മീറ്റ്" ഈ വർഷം ആഗസ്റ്റ് 27ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഹോളിട്രിനിറ്റി കത്തീഡ്രലിൽ വെച്ച് നടത്തപ്പെടുന്നു. ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയ എല്ലാ കുട്ടികളും ഇതിൽ പങ്കെടുക്കുമല്ലൊ.

**രൂപത അസംബ്ലി**

രൂപത അസംബ്ലിയിൽ വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട ചർച്ചകളുടെ വെളിച്ചത്തിൽ രൂപതാദ്ധ്യക്ഷൻ നിർദ്ദേശിച്ചിരിക്കുന്ന 'തീരുമാനങ്ങൾ' ഓരോ യൂണിറ്റിലും, ഫൊറോനയിലും, രൂപതാതലത്തിലും ബന്ധപ്പെട്ട ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ എത്രയും വേഗം നടപ്പിൽ വരുത്തേണ്ടതാണ്. തീരുമാനങ്ങൾ രൂപതാദ്ധ്യക്ഷന്റെ സർക്കുലറിൽ ലഭ്യമാണ്. പ്രസ്തുത തീരുമാനങ്ങൾ ഓരോ യൂണിറ്റിന്റെയും, ഫൊറോനയുടെയും, രൂപതയുടെയും ഭാരവാഹികളെ അറിയിക്കേണ്ടതും ബോധ്യപ്പെടുത്തേണ്ടതും നടപ്പിൽ വരുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**വിശ്വാസപരിശീലകർക്കായി "ഫിയാത്ത് മിഷൻ വർക്ക്ഷോപ്പ്"**

രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രൂപതയിലെ എല്ലാ വിശ്വാസപരിശീലകരിലെയും മിഷൻ തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വിശ്വാസപരിശീലകർക്കും "ഫിയാത്ത് മിഷൻ വർക്ക്ഷോപ്പ്" ഒരുക്കിയിരിക്കുന്നു. രൂപതയിലെ എല്ലാ വിശ്വാസപരിശീലകരും (സമർപ്പിതർ ഉൾപ്പെടെ) നിർബന്ധമായും ഈ വർക്ക്ഷോപ്പ് പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്. മൂന്ന് ദിവസത്തേക്ക് നീണ്ടുനിൽക്കുന്ന മിഷൻ ഓറിയന്റേഷൻ പ്രോഗ്രാം രൂപതയുടെ അജ

പാലനകേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. അവധി പരിഗണിച്ച് weekday's & weekends (വെള്ളി, ശനി, ഞായർ) ലും ആയിരിക്കും നടത്തപ്പെടുന്നത് weekends ൽ പങ്കെടുക്കുന്നവർ സബ്സ്റ്റിറ്റ്യൂട്ട് ടീച്ചേഴ്സിനെ ഏൽപ്പിച്ച് തങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്ന ക്ലാസ്സുകൾ മുടങ്ങാതെ ശ്രദ്ധിക്കേണ്ടതാണ്.

**രൂപതയുടെ പിടിഎ ജനറൽബോഡി മീറ്റിംഗ്**

രൂപതാ പിടിഎ ജനറൽബോഡി മീറ്റിംഗ് ആഗസ്റ്റ് 12ന് രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നു. എല്ലാ യൂണിറ്റുകളിൽ നിന്നും അഞ്ചു ഭാരവാഹികളും ഫൊറോനാ, രൂപതാ പിടിഎ ഭാരവാഹികളും അതിൽ നിർബന്ധമായി പങ്കെടുക്കുമല്ലോ.

**വിശ്വാസപരിശീലന മത്സരങ്ങൾ**

വിശ്വാസപരിശീലന വിഭാഗത്തിന്റെ കുട്ടികൾക്കായുള്ള മത്സരങ്ങൾ ഒക്ടോബർ 28ന് രൂപതാതലത്തിൽ നടത്തപ്പെടുന്നു. അതിന്റെ നിബന്ധനകൾ അവസാനം ചേർത്തിട്ടുണ്ട് എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**വിശ്വാസപരിശീലകർക്കുള്ള ധ്യാനം ഒക്ടോബർ 2**

വിശ്വാസപരിശീലകർക്കുള്ള ധ്യാനം ഒക്ടോബർ 2ന് രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ വിശ്വാസപരിശീലകരും അതിൽ നിർബന്ധമായി പങ്കെടുക്കുമല്ലോ.

രാവിലെ 8.30ന് രജിസ്ട്രേഷൻ, 9ന് ധ്യാനം, 3.30ന് സമാപനം

**ബിടിസി കോഴ്സ്**

ഈ വർഷത്തെ ബിടിസി കോഴ്സിൽ പങ്കെടുക്കുന്നവരുടെ പേരുകൾ എത്രയും നേരത്തെ രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് അറിയിക്കുമല്ലോ.

**പിതാവിന്റെ വിശ്വാസപരിശീലന യൂണിറ്റ് സന്ദർശനം (പെരിയനായ്ക്കൻ പാളയം സെന്റ് ജോൺപോൾ മിഷൻ സെന്ററിൽ)**



പെരിയനായ്ക്കൻ പാളയം സെന്റ് ജോൺപോൾ മിഷൻ സെന്ററിലെ വിശ്വാസപരിശീലന യൂണിറ്റ് അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട് 16-07-2023 ൽ സന്ദർശിക്കുകയുണ്ടായി. പിതാവിന്റെ കാർമ്മികത്വ ത്തിൽ അർപ്പിച്ച ദിവ്യബലിക്കുശേഷം വിശ്വാസപരിശീലന കുട്ടിക ളെയും ടീച്ചേഴ്സിനെയും മാതാപിതാക്കളെയും ഒന്നിച്ച് പിതാവ് കാണുകയും എല്ലാവരുടെയും അഭിപ്രായങ്ങൾ ചോദിച്ചറിയുകയും പുതിയ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ആഗസ്റ്റ് മാസം ഓർമ്മിക്കാൻ**

August 4 - St. John Maria Vianney

August 6 -Transfiguration of Our Lord

August 8 - St. Dominic

August 15 - Assumption of our Lady and Independence day of India

August 28 - St. Augustine

August 29 - St. Euphrasia

അഭിവന്ദ്യ പിതാവിനും എല്ലാ ബഹു. വൈദികർക്കും വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ മംഗ ളങ്ങൾ. എല്ലാ വൈദികരും ആത്മാവിനാൽ നിറഞ്ഞവരായി കൂടുതൽ തീക്ഷ്ണതയുള്ളവരായി വർത്തിക്കാൻ, നിരവധി നന്മകളാൽ നിറയപ്പെ ടാൻ അനേകം മക്കളെ ദൈവസന്നിധിയിലേക്ക് നയിക്കാൻ, ദൈവം ധാരാളമായി അനുഗ്രഹിക്കാൻ, അവർക്കായി നമുക്ക് പ്രാർത്ഥിക്കാം.

**പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യദിനവും**

ആഗസ്റ്റ് 15ന് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരത ത്തിന്റെ സ്വാതന്ത്ര്യദിനവും നാം കൊണ്ടാടുന്നു. രാജ്യത്തിൽ ശാന്തിയും സമാധാനവും നിറയാൻ നല്ല രാഷ്ട്രത്തെ കെട്ടിപ്പടുക്കാൻ രാഷ്ട്ര നേതാക്കന്മാർക്കും പൗരന്മാർക്കുമായി നമുക്ക് പരിശുദ്ധ അമ്മ യോട് പ്രാർത്ഥിക്കാം.

**COMPETITIONS FOR THE CATECHISM STUDENTS OF THE CATECHETICAL YEAR- KAIROS- 2023-2024**

**DEPARTMENT OF CATECHISM (Faith Formation)**

**Venue: Santhom Pastoral Centre, Pappampattipirivu.**

**Date : OCTOBER 28th 2023**

**General Instructions:**

1) In the Eparchial level only one participant (one contestant from a

parish ) can be joined from a unit.

2) The theme of all the competitions will be purely based on the Holy Bible.
3) The decision of the judges will be final and no appeals will be entertained on any ground.
4) The name of the contestant for the Eparchial level should be given before September 30th to the Eparchial Catechism Office from the Parish.
5) If the number of the contestants goes below two for any event, it will not be conducted and those who have registered for that item and reported on that day on the stage will be given one point each.
6) Only Contestants and their animators will be provided their food from the Pastoral Centre. Regarding the food and refreshments the teachers or animators of the participants should be informed in advance to the Catechism office. (The parents and other family members are not encouraged to accompany the contestants, if they are coming they have to inform the Catechism office.)
7) An Individual can participate maximum in 2 items.
8) All items will be conducted without discrimination of gender.
9) For the Eparchial level competitions, all the contestants should report to the Catechism office by sharp 8.30 AM on the day of competition.
10) There will not be any postponement of the competitions because of the delayed arrival of the contestants, i.e. even if one is late the competition will start on time.
11) Prizes will be awarded on Catechism day of this year. (January 26th 2024).

**Categories**

A) Kids: LKG- II std

